പത്രാധിപർ എം. എ. ജോൺ

# നിർണ്ണയം

പുസ്തകം 1
ലക്കം 14

എറണാകുളം 1970 മേയ് 3 ഞായർ

വില 35 സ.

## ✱ ഈ ലക്കത്തിൽ ✱

✱ കുറിപ്പുകൾ

ഐ. സി. എസ്സ്.
ഭീഷണി

✱ കാഴ്ചപ്പാടുകൾ

അണുബോംബു വേണം

✱ ലേഖനം

ഇന്ത്യയിലെ മുസ്ലീംരാഷ്ട്രീയം

മുസ്ലീംലീഗ്
സമ്മേളനം

✱ എഴുതാപ്പുറം

✱ കത്തുകൾ

# 14

കുറിപ്പുകൾ

## ഐ. സി. എസ്സ്. ഭീഷണി

ഐ. സി. എസ്സ് കാരുടെ പ്രത്യേക പദവിയും ആനുകൂല്യങ്ങളും സംരക്ഷിക്കാനുള്ള തന്ത്രത്തിൽ പല ലോകസഭാംഗങ്ങളും ഭാഗഭാക്കുകളായിട്ടുണ്ടെന്നു സംശയിക്കാൻ തക്കകാരണങ്ങളുണ്ട്. മധുലിമായേയുടെ ബില്ലിനു ലോകസഭയിൽ വേണ്ടത്ര പിന്തുണ ലഭിക്കാതെ പോയത് ദില്ലിയിലുണ്ടായിരുന്ന അംഗങ്ങൾ തന്നെ സഭയിൽ ഹാജരാകാതിരുന്നതു കൊണ്ടാണ്. ഐ. സി. എസ്സ്. കാർക്കു പ്രത്യേക പദവിയും അവകാശങ്ങളും നൽകുന്ന ഭരണഘടനാ വ്യവസ്ഥ പിൻവലിക്കുന്നതിനുള്ള ബില്ലിനെയനുകൂലിച്ചു വോട്ടു ചെയ്യാൻ 213 അംഗങ്ങൾ മാത്രമെ സഭയിൽ ഉണ്ടായിരുന്നുള്ളൂ.

ഗവർമ്മെണ്ട് മധുലിമായേയുടെ ബില്ലിനെ അനുകൂലിച്ചിട്ടും ഫലമൊന്നുമുണ്ടായില്ല. സഭയിൽ ഹാജരായിരുന്ന അംഗങ്ങളിൽ മൂന്നിൽ രണ്ട് ഭാഗത്തിൻെറ പിന്തുണ ബില്ലിനു ലഭിച്ചുവെന്നത് യാഥാർത്ഥ്യമാണ്. പക്ഷെ സഭയിൽ ആകയുള്ള അംഗങ്ങളിൽ പകുതിപേരുടെയെങ്കിലും പിന്തുണയില്ലാതെ ഭരണഘടനയുടെ വ്യവസ്ഥ പിൻവലിക്കാനുള്ള ഒരു ബിൽ പാസ്സാകുകയില്ല. ഇത് മനസ്സിലാക്കിത്തന്നെ ഭരണ കക്ഷിയിൽപ്പെട്ട പല പാർളിമെൻറംഗങ്ങളും സഭയിൽ ഹാജരാകാതിരിക്കുകയാണ് ചെയ്തതു്.

മധുലിമായേയുടെ ബില്ലിൻെറ വോട്ടെടുപ്പ് സമയത്ത് 235 അംഗങ്ങൾ മാത്രമാണ് സഭയിലുണ്ടായിന്നത് എന്നാണ് റിപ്പോർട്ട്. ഇവരിൽ 21 അംഗങ്ങൾ ബില്ലിനെതിരായി വോട്ടു രേഖപ്പെടുത്തി. ചുരുക്കം ചിലരൊഴികെ ജനസംഘക്കാരും കമ്യൂണിസ്റ്റുകാരും സഭയിൽ ഹാജരായില്ല. ഐ. സി. എസ്സ്. കാരുടെ പ്രത്യേക പദവിയും ആനുകൂല്യങ്ങളും അവസാനിപ്പിക്കുന്നതിനുള്ള ആദ്യത്തെ ശ്രമം അങ്ങിനെ പരാജയപ്പെട്ടു,

ജനസംഘാംഗങ്ങൾ വോട്ടെടുപ്പു സമയത്ത് സഭയിൽ ഹാജരാകാതിരുന്നതും സ്വതന്ത്രാ പാർട്ടിയംഗങ്ങൾ ബില്ലിനെ എതിർത്തതും മനസ്സിലാക്കാവുന്നതേയുള്ളൂ. ഈ പാട്ടികളുടെ ഉന്നതസ്ഥാനത്ത് ഐ. സി. എസ്സ്. കാരുള്ളതുകൊണ്ട് ബില്ലിനെ എതിർക്കേണ്ടത് അവരുടെ സ്ഥാപിത താല്പര്യവുമായിരിക്കാം. എന്നാൽ ഗവർമ്മെണ്ടിൻെറയും പ്രതിപക്ഷകക്ഷികളിൽ മിക്കവരുടേയും പിന്തുണയുള്ള ബിൽ പരാജയപ്പെട്ടുവെന്നതിനു ദൂരവ്യാപകമായ അർത്ഥമുണ്ട്.

നാനൂററിയമ്പത്തൊന്നുപേർ ഹാജർ ഒപ്പുവെച്ച ദിവസമാണ് ബില്ലിൻെറ വോട്ടെടുപ്പ് നടന്നത്. അവരിൽ 235 പേർ മാത്രമേ വോട്ടെടുപ്പിൽ പങ്കെടുത്തിട്ടുള്ളൂ. 262 പേരുടെയെങ്കിലും പിന്തുണയില്ലാതെ ബിൽ വ്യവസ്ഥയനുസരിച്ചു പാസ്സാകുകയില്ല. അപ്പോൾ 216 അംഗങ്ങൾ വോട്ടെടുപ്പ് സമയത്ത് ഹാജരാകാതിരിക്കുകയാണ് ചെയ്തത്. ഇത്രയേറെയംഗങ്ങൾ ഹാജരാകാതിരുന്നത് ബോധപൂർവ്വമാണെന്നു വ്യക്തമാണ്.

കമ്യൂണിസ്റ്റംഗങ്ങൾ ഹാജരായില്ലെന്നത് ഗുരുതരമായി എടുക്കേണ്ട പ്രശ്നമാണ്. പാർട്ടിയധികൃതർ അങ്ങിനെ ചെയ്യുമോ എന്നറിഞ്ഞുകൂടാ. സഭാതലത്തിൽ വരുന്നതും പ്രതിപക്ഷഭാഗത്ത് നിന്നുകൊണ്ട് വരുന്നതുമായ പുരോഗമനപരമായ നിയമനിർമ്മാണങ്ങൾക്കു പിന്തുണ നൽകാൻ കമ്യൂണിസ്റ്റ്കാർക്കു ബാദ്ധ്യതയുണ്ടോ എന്നാണറിയേണ്ടത്. അങ്ങിനെ ബാദ്ധ്യതയുണ്ടെന്നാണ് കരുതുന്നതെങ്കിൽ കമ്യൂണിസ്റ്റംഗങ്ങൾ സഭയിൽ ഹാജരാകാതിരുന്നത് ക്ഷന്തവ്യമല്ല.

ഐ. സി. എസ്സ്. കാരുടെ പ്രത്യേക പദവിയവസാനിപ്പിക്കണമെന്നത് നിസ്സാരമായ ഒരു കാര്യമായി കമ്യൂണിസ്റ്റുകാരെങ്കിലും കരുതാൻ പാടില്ലാത്തതായിരുന്നു. കാരണം സംസ്ഥാന ഗവർമ്മെണ്ടിൽ സേവനമനുഷ്ഠിക്കുന്ന ഐ. എ. എസ്സ് കാരുടെ മേൽ പൂർണ്ണമായ നിയന്ത്രണം സംസ്ഥാന ഗവർമ്മെണ്ടുകൾക്ക് വേണമെന്ന് വാദിക്കുന്നവരാണ് കമ്യൂണിസ്റ്റുകാർ. ഐ. എ. എസ്സ്. കാർക്കുള്ള ഇത്തരം ആനുകൂല്യങ്ങളെത്തന്നെ എതിർക്കുന്ന കമ്യൂണിസ്റ്റുകാർ അതിനെക്കാൾ എത്രയോ കൂടുതൽ പദവിയും ആനുകൂല്യവും അനുഭവിക്കുന്ന ഐ. സി. എസ്സ്. കാരുടെ പ്രത്യേക പദവിയവസാനിപ്പിക്കാനുള്ള ബില്ലിനു ഒന്നടക്കം പിന്തുണ നൽകാൻ ചുമതലപ്പെട്ടവരാണ്.

മധുലിമായേയുടെ ബില്ലിന്റെ പരാജയത്തിനു മററു തരത്തിലും പ്രാധാന്യമുണ്ട്. കാരണം ബില്ലിനു ഗവർമ്മെണ്ടിന്റെ പിന്തുണയുണ്ടായിരുന്നതാണ്. എന്നിട്ടും മന്ത്രിമാർ തന്നെ ബില്ലിനെ എതിർക്കാനും സഭയിൽ അംഗങ്ങളെ ഹാജരാക്കാതിരിക്കാനും പരസ്യമായി ശ്രമിക്കുകയുണ്ടായി. ഇങ്ങനെയുള്ള മന്ത്രിമാരെ മന്ത്രിസഭയിൽ വെച്ചുകൊണ്ട് എന്തു പുരോഗമന നടപടിയാണ് പ്രധാന മന്ത്രിയെടുക്കാൻ പോകുന്നതെന്നു മനസ്സിലാകുന്നില്ല. ഒരു പക്ഷെ, മനസ്സാക്ഷിയനുസരിച്ച് വോട്ടു ചെയ്യാൻ ഇന്ദിരാഗാന്ധി അംഗങ്ങൾക്കു സ്വാതന്ത്ര്യം നൽകിക്കാണണം. ഏതായാലും മധുലിമായേയുടെ ബില്ലിന്റെ പരാജയം ഇന്ത്യയിലെ യാഥാസ്ഥിതികരേയും പിന്തിരിപ്പന്മാരേയും പ്രോത്സാഹിപ്പിച്ചിട്ടുണ്ടെന്നു തീർച്ച. കുത്തകപ്പത്രങ്ങളുടേയും മററും പ്രതികരണം ഇത് വ്യക്തമാക്കുന്നുണ്ട്.

ഇന്ത്യാ ഗവർമ്മെണ്ട് ഐ. സി. എസ്സ് കാരുമായി ഉണ്ടാക്കിയിട്ടുള്ള കരാറുകളുടെയും മററും പേരിലാണ് 'ധാർമ്മിക'മായി ഐ. സി. എസ്സ് കാരുടെ പ്രത്യേക പദവി നിലനിറുത്താനുള്ള വാദം ഉന്നയിക്കുന്നതു്. സർവ്വീസിലുള്ളതു് 106 ഐ. സി. എസ്സ്. കാരാണെന്നും എട്ടോ ഒമ്പതോ കൊല്ലത്തിനുള്ളിൽ അവരൊക്കെ റിട്ടയർ ചെയ്യുമെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. പിന്നീട് ഇങ്ങനെയൊരു ബില്ലിന്റെ ആവശ്യം എന്തിനാണെന്നാണ് ചോദ്യം.

ഇതിനു മറിച്ചൊരു ചോദ്യംകൊണ്ട് തന്നെ മറുപടി നൽകണം. ചുരുങ്ങിയകാലംകൂടി മാത്രമേ ഈ പ്രത്യേക പദവികൾ തുടരാനുള്ളുവെങ്കിൽ രാജ്യത്തിലെ മററു ഉദ്യോഗസ്ഥന്മാർക്കു തുല്യമാണ് തങ്ങളെന്നു സ്വയം കരുതി, ആ പദവികളും ആനുകൂല്യങ്ങളും ഐ. സി. എസ്സ്. കാർക്കു സ്വയം ഉപേക്ഷിച്ചുകൂടെ? പക്ഷെ അവർ അതു ചെയ്യുന്നില്ലെന്നു മാത്രമല്ലാ, ഒരു സമാന്തര ഗവർമ്മെണ്ട് എന്ന നിലക്കു പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ അർത്ഥമെന്തെന്നു് അറിയാത്ത മന്ത്രിമാരെവരെ ഐ. സി. എസ്. കാർ ഭരിക്കുന്നുണ്ട്.

സ്വാതന്ത്ര്യം കിട്ടിയ ഉടനെതന്നെ ഐ. സി. എസ്സ്. വെള്ളാനകളെ സർവ്വീസിൽ നിന്നു പിരിച്ചുവിടേണ്ടതായിരുന്നു. പക്ഷെ അതുണ്ടായില്ല. കാരണം ബ്രിട്ടീഷുകാരിൽ നിന്നു അധികാരം കൈമാറി കിട്ടിയതു മാത്രമാണ് ഇന്ത്യയുടെ സ്വാതന്ത്ര്യമെന്ന ധാരണയാണ് നമ്മുടെ ഭരണാധികാരികൾക്കുണ്ടായിരുന്നതു്. അവർക്ക് ഐ. സി. എസ്സ്. കാരില്ലെങ്കിൽ രാജ്യം കടലിൽ താണുപോകുമെന്ന ഭയമുണ്ടായിരുന്നതുപോലെ തോന്നും.

ബ്രിട്ടീഷ് മേൽക്കോയ്മയുടെ പാദസേവ ചെയ്തു് രാജ്യത്തെ ജനങ്ങളെ അടക്കി ഭരിക്കാൻ പഠിപ്പിക്കുന്നതാണ് ഐ. സി. എസ്സ്. എന്നു കാണാൻ ഒട്ടും വിഷമമുണ്ടായിരുന്നില്ല. അങ്ങിനെയുള്ള ഐ. സി. എസ്സ്. കാരെ ഭരണകൂടത്തിന്റെ ഉരുക്കുചട്ടയെന്നാണ് ബ്രിട്ടീഷ് പ്രധാന മന്ത്രിമാർവരെ വിശേഷിപ്പിച്ചിട്ടുള്ളതു്. സത്യത്തിൽ ഐ. സി. എസ്സ്. കാർ സാമ്രാജ്യത്വത്തിന്റെ ഉരുക്കുചട്ടകളുമായിരുന്നു.

ഈ ഐ. സി. എസ്സ്. കാർക്ക് പ്രത്യേക പദവിയും ആനുകൂല്യങ്ങളും നൽകുന്നതിനെതിരായി ഭരണഘടനാ നിർമ്മാണ സഭയിൽ തന്നെ പല വിമർശനങ്ങളുമുണ്ടായിട്ടുണ്ട്. രാജ്യം കൂടുതൽ ഭദ്രമാകുകയും ശക്തി പ്രാപിക്കുകയും ചെയ്യുമ്പോൾ എന്തെങ്കിലും മാററമുണ്ടാക്കണമെങ്കിൽ, ഐ. സി. എസ്സ്. കാരെക്കൊണ്ട് സ്വയം പ്രത്യേക പദവികൾ ഉപേക്ഷിപ്പിക്കാൻ സാധിക്കുമെന്നാണ് ഭരണഘടനാ നിർമ്മാണ സഭയിൽ സർദാർ പട്ടേൽ പറഞ്ഞതു്.

അന്നത്തെ ഭരണാധികാരികൾ തന്നെ ഐ. സി. എസ്സ് കാരെ എന്നും കെട്ടിയെഴുന്നള്ളിച്ചു കൊണ്ട് നടക്കണമെന്നു കരുതിയിരുന്നില്ലെന്നു സർദാറിന്റെ പ്രസ്താവന വ്യക്തമാക്കുന്നു. സ്വാതന്ത്ര്യത്തിനുശേഷം ഇരുപത്തിരണ്ട് കൊല്ലം കഴിഞ്ഞിട്ടും ഐ. സി. എസ്സ്കാരുടെ പ്രത്യേക പദവിയവസാനിപ്പിക്കാനുള്ള നിയമനിർമ്മാണത്തിനു ലോകസഭയിൽ വേണ്ടത്ര പിന്തുണ ലഭിക്കുന്നില്ലെന്നാണ് കാണുന്നതു. ഭരണഘടനാ നിർമ്മാണ സഭയിൽ നിന്നും പിന്നോട്ടാണ് ലോകസഭ പോയികൊണ്ടിരിക്കുന്നതു് എന്നാണോ കരുതേണ്ടതു്?

പുരോഗമനക്കാര ചേർന്നു പിന്തിരിപ്പനെന്നു വിശേഷിപ്പിക്കുന്ന സർദാർ പട്ടേലിനെയെങ്കിലും ഇപ്പോഴത്തെ ഭരണാധികാരികൾ മാതൃകയാക്കേണ്ടതായിരുന്നു. 1946 ൽ നരേന്ദ്രമണ്ഡലത്തിന്റെ യോഗത്തിൽ മുഖ്യാതിഥിയായി രാജാക്കന്മാരെയനുകൂലിച്ചു പ്രസംഗിച്ചയാളാണ് സർദാർ. പക്ഷെ സ്വാതന്ത്ര്യം കിട്ടിയ ഉടനെ ചെങ്കോലും കിരീടവും താഴെവെയ്ക്കണമെന്നു അറുനൂറോളം നാട്ടുരാജാക്കന്മാരോട് ആജ്ഞാപിക്കാൻ സർദാറിനു മടിയുണ്ടായില്ല.

ഇന്നു സർദാറിന്റെ ഉറപ്പിനെച്ചൊല്ലി ഐ. സി. എസ്സ് കാരുടെ പ്രത്യേക പദവിക്കുവേണ്ടി വാദിക്കുന്നവർ ഇത് മറച്ചുവെക്കുകയാണ്. സർദാർ ഭരിക്കുകയല്ലാതെ സർദാറിനെ ഭരിക്കാൻ ഗാന്ധിജിക്കു മാത്രമേ കഴിഞ്ഞിട്ടുള്ളു. ഇന്നത്തെ ഭരണാധികാരികൾ അധികാരസ്ഥാനത്തിരിക്കുകയും ഭരണം ഐ. സി.; എസ് കാരെപ്പോലെയുള്ളവർ നടത്തുകയും ചെയ്യുന്നു. ഇതാണ് ലോകസഭയിൽ ആവശ്യമുള്ള അംഗങ്ങൾ ഹാജരാകാതിരിക്കുന്നതിനു ഒരു കാരണം.

മധുലിമായേയുടെ ബില്ലിനു വന്ന ഗതി തന്നെയായിരിക്കും പ്രിവിവേഴ്സ് നിർത്തലാക്കണമെന്നയാവശ്യത്തിനും വരാൻ പോകുന്നതു്. ഐ. സി. എസ്സ്. കാരും നാട്ടുരാജാക്കന്മാരും ഇക്കാര്യത്തിൽ കക്ഷിഭേദമന്യേ ഒന്നാണ്. ഗവർമ്മെണ്ടിന്റെ ഇതുപര്യന്തമുള്ള നടപടികളിൽ നിന്നു യാഥാസ്ഥിതികർക്കും പിന്തിരിപ്പന്മാർക്കും പ്രോത്സാഹനം ലഭിച്ചിട്ടുണ്ട്. ഭരണഘടനാ ഭേദഗതി ബില്ല് അടുത്തൊന്നും പാസ്സാകാൻ പോകുന്നില്ല. പരിതസ്ഥിതികൾ ഇതൊക്കെയായിട്ടും പുരോഗമനക്കാർ എന്നു പറയുന്നവർ കണ്ണടച്ചിരിക്കുകയാണ്.

മധുലിമായേയുടെ ബില്ലിനു അദ്ദേഹത്തിന്റെ കക്ഷിക്കാർ തന്നെ സമ്പൂർണ്ണമായ പിന്തുണ നൽകിയില്ല. ലോകസഭയിൽ എല്ലാ എസ്സ്, എസ്സ്. പി.ക്കാരും വോട്ടെടുപ്പ് സമയത്ത് ഹാജരായില്ലെന്നാണു റിപ്പോർട്ട്. ഭരണകക്ഷിയിലും മന്ത്രിസഭയിലും പെട്ടവർ ബില്ലിന്റെ പരാജയത്തിൽ സദ്യ നടത്തി ആഹ്ലാദം പ്രകടിപ്പിക്കുകയും ചെയ്തു. കമ്യൂണിസ്റ്റ്കാരും ശൈ

(ശേഷം 16-ാം പേജിൽ)

**കാഴ്ചപ്പാടുകൾ**

# അണുബോംബ് വേണം

രാജൻ

ഭാരതം അണുബോംബ് നിർമ്മിക്കണമെന്നയാവശ്യത്തിന് ശക്തി കൂടിവരികയാണ്. പാർലിമെൻറിലും പുറത്തും ഈയാവശ്യം ധാരാളമായി ഉന്നയിച്ചു കേൾക്കുന്നു. എന്നിട്ടും ഇന്ത്യാ ഗവർമ്മെണ്ട് "അണുശക്തി സമാധാനാവശ്യത്തിനു മാത്രം" എന്ന പഴയ പല്ലവി ആവർത്തിച്ചു കൊണ്ടിരിക്കയാണ്. എന്നാൽ അണുവായുധ നിരോധക്കരാറിൽ ഇതുവരെ ഇന്ത്യ ഒപ്പു വെച്ചിട്ടുമില്ല. രാജ്യരക്ഷാമന്ത്രി സർദാർ സ്വരൺസിംഗ് ലോകസഭയിൽ ഇത് സംബന്ധിച്ച് ഇന്ത്യാഗവർമ്മെണ്ടിൻെറ നിലപാട് വ്യക്തമാക്കുകയുണ്ടായി.

അണുവായുധ നിരോധനക്കരാർ കുറച്ചു പേർക്കുമാത്രം കുത്തകയായ ഒരു അണുവായുധ ക്ലബ്ബ് ഉണ്ടാക്കുമെന്നതാണത്രെ ഇന്ത്യ അണുവായുധ നിരോധനക്കരാറിനെ എതിർക്കാൻ ഒരു കാരണം. അതിനും പുറമെ സമാധാനപരമായ ആവശ്യങ്ങൾക്കു അണുശക്തിയുപയോഗപ്പെടുത്തുന്നതു സംബന്ധിച്ച് ഗവേഷണം നടത്തുന്നതിനെ തടസ്സപ്പെടുത്തുന്നതാണ് നിർദ്ദിഷ്ട അണുവായുധക്കരാറെന്നും ഇന്ത്യാ ഗവണ്മെണ്ടിനു അഭിപ്രായമുണ്ടെന്ന് സർദാർ സ്വരൺസിങ്ങ് പറഞ്ഞു. അതേ സമയം അണുവായുധം ഉണ്ടാക്കുന്നതു് വ്യർത്ഥമായ നടപടിയാണെന്ന നയം തന്നെയാണ് ഇന്ത്യാഗവണ്മെണ്ടിനുള്ളതെന്നും രാജ്യരക്ഷാമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്.

ലോകസഭയിലും രാജ്യസഭയിലും അണുബോംബ് നിർമ്മാണത്തെക്കുറിച്ച് ചർച്ച നടന്നതു് ചൈന ബഹിരാകാശത്തിൽ ഉപഗ്രഹം വിക്ഷേപിച്ചതിൻെറ പശ്ചാത്തലത്തിലാണ്. ചൈനയുടെ ശക്തി വർദ്ധിച്ചു വരുന്നതു് ഇന്ത്യയുടെ രാജ്യരക്ഷക്ക് ഭീഷണിയായിത്തീർന്നിട്ടുണ്ടെന്നും സമയം കളയാതെ ഇന്ത്യ അണുബോംബു നിർമ്മാണത്തിനു ഒരുങ്ങണമെന്നും മിസൈലുകൾ നിർമ്മിക്കണമെന്നും അംഗങ്ങൾ ആവശ്യപ്പെട്ടു. ചൈനയുടെ ബഹിരാകാശ വിജയത്തിൽ അനുമോദിച്ചു കൊണ്ട് സന്ദേശമയക്കണമെന്നു ആവശ്യപ്പെട്ട ഒരു മാർക്സിസ്റ്റ് കമ്യൂണിസ്റ്റംഗത്തെ പാർലിമെൻറംഗങ്ങൾ അധിക്ഷേപിക്കുകയുമുണ്ടായി. ചൈനക്കു ഒരു അനുമോദന സന്ദേശമയച്ചുകൊടുക്കണമെന്നു ഒരു ഇന്ത്യാക്കാരൻ ആവശ്യപ്പെടുന്നതിനെപ്പററി ആലോചിക്കുകകൂടി വയ്യായെന്നാണ് രാജ്യരക്ഷാമന്ത്രിയുടെ അഭിപ്രായം.

രാജ്യരക്ഷാമന്ത്രിയുടെ അഭിപ്രായങ്ങളും ആശയങ്ങളും പ്രഥമ ദൃഷ്ട്യാതന്നെ പരസ്പരവിരുദ്ധമാണ്. ചൈനയെ ഇന്ത്യയുടെ ശത്രുവായാണ് രാജ്യരക്ഷാമന്ത്രി കാണുന്നതെന്നു അദ്ദേഹത്തിൻെറ പ്രസ്താവന വ്യക്തമാക്കുന്നു. അമേരിക്കയുടേയും റഷ്യയുടേയും ശാസ്ത്രീയ നേട്ടങ്ങളെ അനുമോദിക്കാനും പ്രശംസിക്കാനും മടി കാണിക്കാത്ത ഭരണാധികാരികൾ ചൈനയുടെ അത്ഭുതപൂർവ്വമായ വിജയത്തെ അനുമോദിക്കാൻ മടി കാണിക്കുകയും അത് ശത്രുവിൻെറ നേട്ടമായി കാണുകയും ചെയ്യുകയാണ്. വാദത്തിനുവേണ്ടി രാജ്യരക്ഷാമന്ത്രിയുടെ നിലപാട് ശരിയാണെന്നു സമ്മതിച്ചാൽ പിന്നെ, അണുബോംബ് നിർമ്മിക്കേണ്ടയാവശ്യമില്ലെന്ന നിലപാട് എങ്ങിനെ ന്യായീകരിക്കാൻ പററുമെന്ന ചോദ്യത്തിന് ഉത്തരം പറയേണ്ടതുണ്ട്. ചൈന ഇന്ത്യയുടെ ശത്രുവാണെന്നു കരുതുകയും ആ ശത്രുവിനു 1964ൽ തന്നെ ആദ്യത്തെ അണുബോംബ് നിർമ്മിക്കാൻ കഴിയുകയും ചെയ്തിട്ടുണ്ടെങ്കിൽ, ഇന്ത്യയുടെ രാജ്യരക്ഷാമന്ത്രി ശത്രുവിനെതിരായി ഫലപ്രദമെന്നു കരുതാവുന്ന എന്തെങ്കിലും പ്രതിരോധനടപടി ഇതേവരെ സ്വീകരിച്ചിട്ടുണ്ടോ?

ചൈനയുടെ അണുബോംബാക്രമണത്തിൽ നിന്നു ഇന്ത്യയെ രക്ഷിക്കാൻ റഷ്യയും അമേരിക്കയും തയ്യാറാകുമെന്നായിരിക്കും ഭരണാധികാരികൾ കണക്കു കൂട്ടുന്നതു്. കുറെ മുമ്പ് അണുവായുധ കുടയെപ്പററി സംസാരം നടക്കുന്നുണ്ടായിരുന്നു. ഇന്നു അതിനെപ്പററി കേൾക്കാനില്ല. എങ്കിലും അന്യരാജ്യങ്ങളെയാണ് അണുവായുധത്തിനെതിരായി ഭരണാധികാരികൾ ആശ്രയിക്കുന്നതെന്നു വ്യക്തമാണല്ലോ. അങ്ങിനെയാണെങ്കിൽ അതു് അപകടകരമാണ്. അമ്പത്തഞ്ചു കോടി ജനങ്ങളുള്ള ഇന്ത്യയുടെ രാജ്യരക്ഷാ ചുമതല ഇന്ത്യക്കാർ തന്നെ നിർവ്വഹിക്കണം. അതിന് അന്യരാജ്യങ്ങളെ ആശ്രയിക്കുന്നുവെങ്കിൽ തന്നെ താൽക്കാലികമായ ഏർപ്പാടുകൾ മാത്രമെയാകാവൂ. അതിനും പുറമെ ഇന്നു ചൈന അമേരിക്കയുടേയും റഷ്യയുടേയും എതിരാളിയാണെങ്കിൽതന്നെ നാളെ കൂട്ടുകാരനായി മാറിക്കൂടെന്നില്ലല്ലോ.

രാജ്യരക്ഷാമന്ത്രിയുടെ വാദത്തിൻെറ പൊള്ളത്തരം വ്യക്തമാക്കുന്ന മറെറാരു വസ്തുതകൂടിയുണ്ട്. ഇന്ത്യ മിസൈലുകൾ ടാങ്കുകൾ തുടങ്ങിയ യുദ്ധോപകരണങ്ങൾക്കു റഷ്യയേയും അമേരിക്കയേയും ആശ്രയിക്കുന്നുണ്ട്. ഈ യുദ്ധോപകരണങ്ങൾ ഇന്ത്യയിൽതന്നെ നിർമ്മിക്കുകയാണ് ഇന്ത്യയുടെ നയമെന്നും ഗവർമ്മെണ്ട് പറയുന്നു. പാക്കിസ്ഥാനുമായി നടന്ന യുദ്ധത്തിനിടയിൽ യുദ്ധോപകരണങ്ങളുടെ സ്പെയർ പാർട്ടുകൾ നൽകുന്നതു് അമേരിക്ക നിർത്തിവെക്കുകയുണ്ടായി. ഇതിൻെറയർത്ഥം രാജ്യരക്ഷക്കു വേണ്ടി ഇന്ത്യ യുദ്ധം ചെയ്യണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടതു് അന്യരാജ്യങ്ങളാണെന്നും അതിനുവേണ്ടി സമ്മർദ്ദം ചെലുത്താനുള്ള ഉപാധിയായി രാജ്യരക്ഷാസഹായത്തെ ഉപയോഗപ്പെടുത്താൻ അമേരിക്കയെപ്പോലുള്ള രാജ്യങ്ങൾ മടിക്കുകയില്ലെന്നുമാണല്ലോ. അണുബോമ്പിൻെറ കാര്യത്തിലായാലും ശരി ഇതേനയം തന്നെയായിരിക്കും വൻകിടശക്തികൾ അനുവർത്തിക്കുകയെന്നു കാണാൻ വിഷമമൊന്നുമില്ല.

## അണുബോമ്പ് പ്രതിരോധത്തിന്

ഇതിനും പുറമെ, ടാങ്കുകൾ മിസൈലുകൾ മുങ്ങിക്കപ്പൽ എന്നീ യുദ്ധോപകരണങ്ങൾക്കു ഇന്നും ഇന്ത്യ അന്യരാജ്യങ്ങളെ ആശ്രയിക്കുന്നുണ്ട്. അണുബോമ്പ് നിർമ്മിക്കാനുള്ള ശക്തി ഇന്ത്യക്കു സ്വയം ഉണ്ടായാലും. അപ്പോൾ രാജ്യരക്ഷക്കു വേണ്ട ഏററവും ശക്തമായ ആയുധം നിർമ്മിക്കാൻ സ്വന്തം കഴിവുകൊണ്ട് സാധിക്കുമെന്നിരിക്കെ രക്ഷക്കു വേണ്ട ചെറിയ ഉപകരണങ്ങൾക്കു അന്യരാജ്യങ്ങളെ ആശ്രയിക്കുന്നതിനു യുക്തി പൂർവ്വമായ ഒരു നീതികരണവുമില്ല.

ഇത്രയും പറഞ്ഞത് രാജ്യരക്ഷാമന്ത്രിയുടെ വാദങ്ങൾ തന്നെ പരസ്പരവിരുദ്ധവും യുക്തിക്കു നിരക്കാത്തതുമാണെന്നു ചൂണ്ടിക്കാണിക്കാൻ വേണ്ടിമാത്രമാണ്. ചൈനയെ എന്നും ഇന്ത്യയുടെ മുഖ്യശത്രുവായിക്കണ്ട് ഇന്ത്യ അണുവായുധം നിർമ്മിക്കണമെന്ന അഭിപ്രായം ഈ ലേഖകനില്ലെന്നു വ്യക്തമാക്കികൊള്ളട്ടെ. ചൈന ഇന്ത്യയിൽ അണുബോമ്പിടുമെന്ന ഭീഷണിയുള്ളതു കൊണ്ട് ഇന്ത്യ ഉടനെ അണുബോമ്പ് നിർമ്മിക്കണമെന്ന വാദവും ഈ ലേഖകനില്ല. ചൈന ഉപഗ്രഹം വിക്ഷേപിച്ചതിൽ ഓരോ ഇന്ത്യാക്കാരനും അനുമോദിക്കേണ്ടതാണെന്നയഭിപ്രായവുമുണ്ട്. ചൈന ഉപഗ്രഹം വിക്ഷേപിച്ചതിൽ സന്ദേശം അയക്കണമെന്നയാവശ്യത്തെ എതിർത്ത ലോകസഭാംഗങ്ങളും രാജ്യരക്ഷാമന്ത്രിയും പ്രകടിപ്പിച്ചയഭിപ്രായങ്ങൾ ദീർഘവീക്ഷണമില്ലായ്മകൊണ്ടും അല്പത്വം കൊണ്ടും ഉണ്ടായവയാണെന്നു കരുതുകയും വേണം.

ചൈനക്കു അണുബോമ്പുണ്ടായെന്നും

"ചൈന ഉപഗ്രഹം വിക്ഷേപിച്ചപ്പോ എന്നും നോക്കാതെ തന്നെ ഇന്ത്യ അണുബോംബുണ്ടാക്കണമെന്നു പറയാൻ തക്കകാരണങ്ങളുണ്ട്. ഏററവും ലളിതമായ പ്രശ്നത്തെപ്പോലും കുഴഞ്ഞുമറിഞ്ഞതാക്കാൻ നമ്മുടെ ഭരണാധികാരികൾക്കു അസാധാരണ വൈഭവമാണുള്ളതെന്നു തോന്നുന്നു. അണുബോംബു നിർമ്മാണം സംബന്ധിച്ച് തീരുമാനമുണ്ടാക്കാതിരിക്കുന്നതിലും ഈ വൈഭവം കാണാം. രാജ്യരക്ഷക്കു വേണ്ടശക്തിയുണ്ടാകണമോ എന്ന ലളിതമായ ചോദ്യം പരിഗണിച്ചു ഉത്തരം കാണേണ്ടതുമാണ് അണുബോംബു പ്രശ്നം. രാജ്യരക്ഷ വേണമെങ്കിൽ അതിനുള്ള കരുത്തുവേണം. അണുബോംബാണ് മറെറന്തിനേക്കാളും ആ കരുത്തു നൽകുക. കാരണം അതാണ് ഏററവും ശക്തിയേറിയ ആയുധം. അതുകൊണ്ട് അണുബോംബു വേണം. വേണമെങ്കിൽ ഉണ്ടാക്കണം. ഇത്രയും നിസ്സാരമായ പ്രശ്നത്തെ കുഴച്ചുമറിച്ച് ഉത്തരം കാണാത്ത നിലയിലാക്കുന്നതിനു എന്തെല്ലാം ന്യായവാദങ്ങളാണുകൊണ്ടു വരുന്നത്;

ഒന്നാമത്തെ വാദം അണുബോംബു ആരും നിക്ഷേപിക്കാൻ വേണ്ടിയുണ്ടാക്കുന്ന ആയുധമല്ലെന്നും അത് കേവലം പൊങ്ങച്ചത്തിനും പ്രകടനത്തിനുമുള്ള ആയുധമാണെന്നുമാണ്. ഇന്ത്യക്കു അണുബോംബിനെക്കാൾ ആവശ്യം സാധാരണഗതിയിൽ നേരിട്ടുള്ള സംഘട്ടനങ്ങളിൽ ഉപയോഗിക്കേണ്ട ആയുധങ്ങളാണെന്നും വാദിക്കപ്പെടുന്നു. ഈ വാദങ്ങളിൽ കഴമ്പില്ല. കാരണം, ആക്രമണത്തിനല്ലാ, പ്രതിരോധത്തിനാണ് ഇന്ത്യ തയാറെടുക്കുന്നത്. അന്യരാജ്യങ്ങളുടെ അതിർത്തികൾ കടന്നു ചെന്നു അവിടങ്ങൾ കീഴടക്കി ഭരിക്കണമെങ്കിൽ വമ്പിച്ച സൈനികശേഷിയും കരയിലൂടെയും വായുവിലൂടെയും ജലത്തിലൂടെയും മുന്നേറാനുള്ള ആയുധസജ്ജീകരണങ്ങളും ആവശ്യമാണ്. മറിച്ച് അന്യരാജ്യങ്ങളുടെ 'ആക്രമണത്തിനെതിരായ താക്കീതു' എന്ന നിലയിലുള്ള സൈനിക സജ്ജീകരണങ്ങളും ആയുധങ്ങളുമാണ് നമുക്കാവശ്യമെങ്കിൽ അതിനു അണുവായുധത്തെക്കാൾ കഴിവുള്ള മറെറാന്നുമില്ലതാനും. ആരും അണുവായുധം പ്രയോഗിക്കുകയില്ലെന്ന ധാരണ ശരിയാവുന്നെങ്കിൽ നല്ലതുതന്നെ. പക്ഷെ നിർമ്മിക്കാൻ കഴിവുള്ളവരെല്ലാം അത് നിർമ്മിക്കുന്നത് എന്തുകൊണ്ടാണ്? വെറുതെ പണം ചെലവാക്കി ആഡംബരത്തിനാണോ? അതോ സ്വന്തം ശക്തിയെക്കുറിച്ച് അന്യരിൽ മതിപ്പുളവാക്കുന്നതിനോ? ശത്രുക്കളായി വരാവുന്നവർക്കു താക്കീത് എന്ന നിലക്കാണ് ഇന്നു കഴിവുള്ള രാജ്യങ്ങൾ അണുബോംബുകൾ നിർമ്മിക്കുന്നത്. അണുബോംബുകളുള്ള രാജ്യത്തിനെതിരെ ആക്രമണം നടത്താൻ അന്യരാജ്യങ്ങൾ തയാറാകുന്നുമില്ല. അതിൻെറയർത്ഥം അണുബോംബാണു ഏററവും വലിയ പ്രതിരോധായുധമെന്നാണ്. അതിനും പുറമെ, ഒരു തുറന്ന യുദ്ധത്തിൽ അണുബോംബുള്ളവർ അററകയ്യായി അതു പ്രയോഗിക്കുകയില്ലെന്നതിനു ഒരു ഉറപ്പുമില്ല. വല്ലവരും അങ്ങിനെ കരുതുന്നുണ്ടെങ്കിൽ തന്നെ, 'മഹാഭാരത' ത്തിൻെറ നാട്ടുകാരായ നാം അങ്ങിനെ കരുതാനുള്ള വിഡ്ഢിത്തം കാണിക്കരുത്.

## ചെലവ് കുറവ്

പിന്നെ ചെലവിൻെറ പ്രശ്നമാണുള്ളത്. ദരിദ്ര രാജ്യമായ ഇന്ത്യക്ക് അണുബോംബ് നിർമ്മിക്കാനുള്ള സാമ്പത്തികശേഷിയില്ലെന്നു വാദിക്കപ്പെടുന്നു. പക്ഷെ ഇത് സംബന്ധിച്ച് ഇതേവരെ അധികാരികളിൽ നിന്നു വിശ്വസനീയമായ ഒരു അഭിപ്രായം കേട്ടിട്ടില്ല. സാമ്പത്തികമായി അണുബോംബു നിർമ്മാണത്തെ അനുകൂലിക്കുന്ന പല വിദഗ്ധരും ഉണ്ട്താനും. പലരും പലതരത്തിലുള്ള കണക്കുകളാണ് ഇത് സംബന്ധിച്ച് നൽന്നത്. പതിനെട്ടു ലക്ഷം രൂപ മാത്രമേ ഒരു അണുബോംബിൻെറ നിർമ്മാണത്തിനു കൂടുതൽ ചെലവുവരുകയുള്ളൂവെന്നാണ് പരേതനായ അണുശാസ്ത്രവിദഗ്ധൻ ഡോക്ടർ ഹോമിഭാഭ കണക്കാക്കിയിരുന്നത്. പിന്നെ അണുബോംബ് പ്രയോഗിക്കാൻ കഴിവുള്ള മിസൈലുകൾക്കാണ് കൂടുതൽ ചെലവു വരുന്നത്. പ്രൊഫസർ സ്വാമിയെപ്പോലുള്ള വിദഗ്ധർ അഭിപ്രായപ്പെടുന്നത് അഞ്ചു വർഷത്തെ അണുവായുധ നിർമ്മാണ പരിപാടി തയാറാക്കുന്നുവെങ്കിൽ ഡില്ലി കേന്ദ്രമാക്കിയുള്ള അണുവായുധ പ്രതിരോധം സംഘടിപ്പിക്കുന്നതിനു ഇന്നത്തെ രാജ്യരക്ഷാ ബജററിൻെറ 8 ശതമാനം ചെലവേ വേണ്ടിവരുകയുള്ളൂവെന്നാണ്. ഇത് ശരിയാണെങ്കിൽ സാമ്പത്തികമായി രാജ്യരക്ഷയെ സംബന്ധിച്ചിടത്തോളം ലാഭകരമാണെന്നു പ്രത്യേകം പറയേണ്ടതില്ല.

ദരിദ്രരാജ്യമാണെന്നും അണുബോംബു നിർമ്മാണത്തിനു പണം ചെലവാക്കുന്നതു ശരിയല്ലെന്നും പറയുന്നവരോട് തിരിച്ചു ചോദിക്കേണ്ടതു് ഇപ്പോഴത്തെ രാജ്യരക്ഷാ ചെലവ് നീതികരിക്കാവുന്നതാണോ എന്നാണ്. ഇരുപതു ലക്ഷം പട്ടാളക്കാരെ സജ്ജീകരിക്കുന്നതും ടാങ്കുകളും മിസൈലുകളും, മിഗ്ഗ് വിമാനങ്ങളും നിർമ്മിക്കുന്നതും മുങ്ങിക്കപ്പൽ വാങ്ങിക്കുന്നതും നീതീകരിക്കാമെങ്കിൽ പിന്നെ ആ ഇനങ്ങളിൽ വേണമെങ്കിൽ ചെലവു ചുരുക്കാൻ സാധിക്കുന്ന വിധത്തിൽ അണുബോംബ് നിർമ്മിക്കുന്നതു് ന്യായീകരിച്ചുകൂടെ?

ഇന്നത്തെ രാജ്യരക്ഷാച്ചെലവ് താങ്ങാനാവാത്തതാണെന്നും അതുതന്നെ ചുരുക്കുകയാണ് വേണ്ടതെന്നും വാദിക്കുന്ന ഒരു കൂട്ടരുണ്ട്. ഇവരിൽ പഴയ ഗിന്ധിയൻ സ്വാധീനംകൊണ്ട് ചിന്താക്കുഴപ്പത്തിലായവരും പെടുന്നു. ഇന്ത്യ സൈന്യത്തെത്തന്നെ പിരിച്ചു വിടണമെന്നു മുമ്പൊരിക്കൽ ആചാര്യകൃപലാനിയും ചക്രവർത്തി രാജഗോപാലാചരിയും ആവശ്യപ്പെട്ടിരുന്നതായും ഓർക്കുന്നു. ഇവർ തന്നെ 1962 ൽ ചൈനയുമായി അതിർത്തി സംഘട്ടനമുണ്ടായപ്പോൾ രാജ്യരക്ഷക്കു വേണ്ട തയാറെടുപ്പ് നടത്താത്തതിനു ഇന്ത്യാ ഗവർമ്മെണ്ടിനേയും നെഹറുവിനേയും അധിക്ഷേപിക്കുകയുണ്ടായി. ഇങ്ങിനെ ഒരാത്മാർത്ഥതയുമില്ലാത്ത തകിടം മറിച്ചിലുകൾ നടത്തിയതിനെപ്പററി റൊണാൾഡ് സീഗർ "ക്രൈസിസ്സ് ഇൻ ഇന്ത്യ" എന്ന പുസ്തകത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

കൃപലാനി, രാജാജിമാരുടെ ചിന്താക്കുഴപ്പം പോലെ തന്നെ. നമ്മുടെ കമ്യൂണിസ്ററ്കാരും ചിന്താക്കുഴപ്പത്തിലാണ്. ഇന്ത്യ രാജ്യരക്ഷാച്ചെലവ് വർദ്ധിപ്പിക്കുന്നതിനു അവരെതിരാണ്. മുതലാളിത്ത രാജ്യമായ ഇന്ത്യയുടെ സൈനികച്ചെലവ് വർദ്ധിക്കുന്നതു് മുതലാളിത്തത്തിൻെറ ശക്തി വർദ്ധിപ്പിക്കലാണെന്നു അവർ കരുതുന്നു. അതുകൊണ്ട് ദാരിദ്ര്യത്തിൻെറ പേരിൽ സൈനികച്ചെലവ് വർദ്ധിപ്പിക്കുന്നതിനെ അവർ എതിർക്കുന്നു. റഷ്യയും ചൈനയും സൈനികച്ചെലവ് വർദ്ധിപ്പിക്കുന്നതിനെ അവർ ന്യായീകരിക്കുന്നതു സോഷ്യലിസ്റ്റ് ചേരിയുടെ ശക്തി വർദ്ധിക്കുന്നത് നല്ലതാണെന്നയടിസ്ഥാനത്തിലാണ്. അമേരിക്കയുടേയും മററു മുതലാളിത്ത രാജ്യങ്ങളുടേയും സൈനിക ശക്തിക്കെതിരായ പ്രതിരോധത്തിനു അത്യാവശ്യമാണെന്നു അവർക്കു അഭിപ്രായമുണ്ട്.

## പ്രതിരോധം പരാശ്രയമില്ലാതെ

പക്ഷെ ഇപ്പോഴത്തെ അന്താരാഷ്ട്രബന്ധങ്ങളിൽ അങ്ങിനെ സോഷ്യലിസ്റ്റ് ചേരി

(ശേഷം 15–ാം പേജിൽ)

# എഴുതാപ്പുറം

ശീവൊള്ളി,—ശീവൊള്ളീന്ന് കേട്ടിട്ടില്ലേ? ശീവൊള്ളി നാരായണൻ നമ്പൂതിരി.

എവിടെയോ കേട്ടിട്ടുള്ളതു പോലെ. അതുതന്നെ. എവിടെ ജനിച്ചെന്നോ, ആരായിരുന്നെന്നോ ഒന്നുമറിഞ്ഞുകൂടാ. പക്ഷെ ഇപ്പോൾ മനസ്സിലായിക്കാണും. ഈ ലേഖകനു മാത്രമല്ലാ കേരളീയർക്കെല്ലാം മനസ്സിലായിക്കാണും.

ശീവൊള്ളി!—മഹാകവി, ചിത്രകാരൻ, ഭിഷഗ്വരൻ കഴിഞ്ഞയാഴ്ചയിലെ പത്രങ്ങൾ ശീവൊള്ളിമയമായിരുന്നു. ഞായറാഴ്ച ആലുവായിൽ വെച്ച് ശീവൊള്ളിയുടെ ശതാബ്ദി അതിഗംഭീരമായിട്ടാണ് ആഘോഷിച്ചത്.

എന്തെല്ലാം പരിപാടികളായിരുന്നു. അടുത്തകാലത്ത് ഒരു സാഹിത്യകാരന്റെയും ഷഷ്ടിപൂർത്തിയോ സപ്തതിയോ, ശതാബ്ദിയോ, ശതാഭിഷേകമോ ഇതേപോലെ വിപുലമായി കൊണ്ടാടിയതായി ഓർക്കുന്നില്ല. രാവിലെ തീർത്ഥയാത്ര, ഉച്ചക്ക് കവിസമ്മേളനം, അക്ഷരശ്ലോകമത്സരം, വൈകുന്നേരം സാഹിത്യ സമ്മേളനം പിന്നെക്കൂടിയാട്ടം

രാവിലെ യൂത്ത്സാഹിത്യകാരന്മാരുടെ തീർത്ഥയാത്ര. എന്നു വെച്ചാൽ യാക്കോബാക്കാർ മഞ്ഞനിക്കര തീർത്ഥയാത്ര നടത്തുന്നതുപോലെയല്ലാ. സാഹിത്യകാരന്മാര കൂട്ടമായ? വയലുകരയിലെ ശീവൊള്ളി ഇല്ലത്തേക്ക് കാറിൽ തീർത്ഥയാത്ര പോകുകയാണ് ചെയ്തത്.

പ്രമുഖസാഹിത്യകാരന്മാർ നേരത്തെ എത്തിയിരിന്നു. കുററിപ്പുഴ കൃഷ്ണപിള്ള, ചെമ്മനം ചാക്കോ, ഡോക്ടർ എസ്. കെ. നായർ, ഈ. എം. കോവൂർ സി. കൃഷ്ണൻ നായര എന്നിവരെല്ലാം തയ്യാറെടുത്തു വന്നിട്ടുണ്ട്. ശീവൊള്ളിയോടുള്ള ഭക്ത്യാതിരേകം കൊണ്ടാണ് ആവേശഭരിതരായി സാഹിത്യകാരന്മാര എത്തിയിട്ടുള്ളത്. പിന്നെ സാഹിത്യകാരനും കലാകാരനും കഥകളി പ്രിയനും സഹൃദയശിരോമണിയും പുറമേ, എഫ്. എ. സി. ടി. മാനേജിംഗ് ഡയറക്ടറുമായ എം. കെ. കെ. നായർ തീർത്ഥയാത്രാ സംഘത്തെ നയിക്കുന്നു.

എല്ലാവരും ശീവൊള്ളി ഇല്ലത്തെത്തി. പരേതനായ കവിയുടെ കുടുംബത്തിലെ മൂന്നു വീട്ടുകാരേയും സന്ദരശിച്ചു. കാപ്പിയും പലഹാരവും കഴിച്ചു. ഇടിഞ്ഞു പൊളിഞ്ഞ ഭിത്തികളുള്ള നമ്പൂതിരി ഇല്ലത്തെ നോക്കി നെടുവീർപ്പിട്ടും ഭിത്തിയൽ മുഖമടുപ്പിച്ച് ചെവിയോർത്ത് നിന്നുപോയി. ഇ. എം. കോവൂർ—ഇല്ലത്തെ മതിലുകൾ ശൃംഗാരശ്ലോകം ചൊല്ലുകയാണോ എന്നദ്ദേഹത്തിനു തോന്നിപോൽ!

തീത്ഥയാത്ര കഴിഞ്ഞ് മടങ്ങുംവഴി എല്ലാവരും കുററിപ്പുഴയിലെ ജവഹർ വായനശാലയിൽ കയറി. അവിടേയു ഒരു ചടങ്ങുണ്ട്. 'ശീവൊള്ളി'യുടെ ഛായാചിത്രം അനാച്ഛാദനം ചെയ്യുന്നു. സംഘത്തിന്റെ നേതാവായ എം. കെ. കെ. നായർ തന്നെ ഛായാചിത്രം അനാച്ഛാദനം ചെയ്തു.

പിന്നെ കവി സമ്മേളനമാണ് രംഗം. അദ്ധ്യക്ഷൻ ഭക്തോത്തമനും ശൃംഗാര രസാസ്വാദനത്തിൽ അഗ്രഗണ്യനും ആയ മഹാകവി പി. അതായത് പി. കുഞ്ഞിരാമൻനായർ. ഉൽഘാടനം അക്കാദമി സമ്മാനിതൻ ഇടശ്ശേരി ഗോവിന്ദൻ നായർ. തുടർന്നു കവിതാ പാരായണമാണ്. എൻ. എൻ. കക്കാട്, ഏൻ. കെ. ദേശം ചെമ്മനം ചാക്കൊ, സി. കൃഷ്ണൻനായർ, എൻ. കൃഷ്ണനുണ്ണി, കല്ലനാട്ട് പരമേശ്വരൻ നായര, നടുവത്ത് ശങ്കരൻനമ്പൂതിരി, സച്ചിദാനന്ദൻ എന്നിങ്ങനെ, ക്ലാസിക്കുകാരും കാൽപനികരും അത്യാധുനികരും എല്ലാം ഒരേവേദിയിൽ സമ്മേളിക്കുന്നു. പരിപാടിക്ക് എല്ലാവരും കൃത്യമായി എത്തിയതു ശീവൊള്ളിയോടുള്ള ഭക്തികൊണ്ട് തന്നെയാണ്. പോരാത്തതിന് എഫ്. എ. സി. ടി. മാനേജിങ്ങ്ഡയറക്ടർ ചെയർമാനായുള്ള ആഘോഷക്കമ്മിററിയുടെ മേൽനോട്ടത്തിലാണ് പരിപാടികൾ. നാടുനീളെ കൊട്ടാരസദൃശമായ റെസ്റ്റ്ഹൗസുകൾ സ്ഥാപിച്ച് പരിശീലനം സിദ്ധിച്ച പരിചാരക വൃന്ദത്തെ ഏർപ്പെടുത്തി ഭരണം നടത്തുന്ന എം. കെ. കെ. നായരുടെ ആതിഥ്യമര്യാദയാണെങ്കിൽ സുപ്രസിദ്ധവുമാണ്.

കവികൾക്കും സാഹിത്യകാരന്മാർക്കും ആഘോഷക്കമ്മററി ഊണിനും ഉറക്കത്തിനും വേണ്ട സൗകര്യങ്ങളൊക്കെ ചെയ്തിട്ടുണ്ട്. റെസ്റ്റ് ഹൗസിൽ സദ്യ—പാലസ്സിൽ വിശ്രമം അങ്ങോട്ടും ഇങ്ങോട്ടും പോകാനും വരാനും എഫ്. എ. സി. ടി കമ്പനി വക വാഹനങ്ങൾ. എല്ലാററിന്റേയും മേൽനോട്ടം വഹിച്ചുകൊണ്ട് എം. കെ. കെ നായരും.

വിശ്രമിക്കാൻ അധികസമയമില്ല. അക്ഷരശ്ലോക മത്സരംതകൃതിയായി നടക്കുന്നു. ആളുകൾ കുറവാണെങ്കിലും ആരും തോററു പിൻമാറുന്നില്ല. അവസാനം ജഡ്ജിമാർതന്നെ അഞ്ചു പേരെ തെരഞ്ഞെടുത്തു സമ്മാനവും കോടുത്തു. ചിലർക്കൊക്കെ മുറുമുറുപ്പുണ്ടാകാതിരിക്കുമോ?

വൈകുന്നേരമാണ് മുഖ്യപരിപാടി കൊല കൊമ്പന്മാരെല്ലാം അണിനിരക്കുന്ന സമ്മേളനം. പ്രസിദ്ധ സാഹിത്യകലാനിയമ പണ്ഡിതൻ കേന്ദ്ര മന്ത്രി പനമ്പിള്ളി ഗോവിന്ദമേനോൻ സമ്മേളനം ഉൽഘാടനം ചെയ്യുന്നു. മുൻ മന്ത്രിയും നിരൂപണാഗ്രേസരനും വിദ്യാഭ്യാസവിചക്ഷണനും പാർട്ടികളും അഭിപ്രായങ്ങളും പലതവണ മാറി പരിചയ സമ്പന്നനുമായ ജോസഫ് മുണ്ടശ്ശേരിയാണധ്യക്ഷൻ. സാഹിത്യപരിഷദദ്ധ്യക്ഷനും വിമർശകമല്ലനും വാഗ്മിയുമായ സുകുമാർ അഴിക്കോടിന്റെ പ്രസംഗം. പിന്നെ സ്ത്രീ പ്രാതിനിധ്യത്തിനാണെങ്കിൽ എം. ലിലാവതിയുമുണ്ട്.

ടാസ്സ് ഹോളിലേക്കു ആളുകൾ വന്നുകൊണ്ടേയിരുന്നു. എല്ലാവരേയും സ്വീകരിച്ചിരുത്താൻ സന്നദ്ധരായി എഫ്. എ. സി ടി. യുടെ പൊതുസമ്പർക്കവകുപ്പ് മുഴവൻ കവാടം മുതൽ സ്ഥാന മുറക്ക് അണിനിരന്നിട്ടുണ്ട്. കെ. എം. ദാമോദരൻ, ഉണ്ണികൃഷ്ണൻ, പനമ്പിള്ളി അരവിന്ദാക്ഷമേനോൻ, ഓ. പി. ജോസഫ്, ഇ. എം. കേവൂര തുടങ്ങിയ പൊതു സമ്പർക്കയുദ്യോഗസ്ഥന്മാർ എല്ലാവരും ഉഷാർ. ആളുകൾ അക്ഷമയോടെ കാത്തിരിക്കുന്നതിനിടയിൽ അറിയാറായി-പനമ്പിള്ളി വരുന്നില്ല.

അതിനെന്താ? എം. കെ. കെ. നായരുണ്ടാല്ലോ. സാഹിത്യകാരന്മാരുടെ നിർബ്ബന്ധം സഹിയ്ക്കവയ്യാഞ്ഞിട്ട് അദ്ദേഹം സമ്മേളനം ഉൽഘാടനം ചെയ്യാമെന്നേററു.

മുറുക്കിച്ചുവപ്പിച്ച് പൂഞ്ഞൽപോലെ രണ്ടാംമുണ്ട് വളച്ചുകെട്ടി മുണ്ടശ്ശേരി വന്നെത്തിയതോടെ യോഗം ആരംഭിച്ചു. സ്വാഗതം ഡോക്ടർ എസ്സ്. കെ. നായർ അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോഴാണ് മനസ്സിലായത് ശീവൊള്ളിശതാബ്ദിയാഘോഷം ആരുടെ തലയിൽ മുളച്ചതാണെന്നു. ഉണ്ടിരിക്കുന്ന നായർക്കു ഒരു വിളി തോന്നിയതാണ്. ശീവൊള്ളി ശതാബ്ദിയാഘോഷിക്കണം.

ഡോക്ടർ എസ്സ്. കെ. നായർ അതിനൊരു വഴി കാണാതെ തല പുകഞ്ഞാലോചിച്ചപ്പോൾ പിടികിട്ടി—"എന്തു കാര്യവും നിമിഷനേരംകൊണ്ട് സാധിക്കാൻ കരുത്തുള്ള ആ കൈകളിലേക്കു തന്നെ ഭാരം പകർന്നുകൊടുത്തു' എസ്. കെ. നാ

യർ പറഞ്ഞു. എം. കെ. കെ നായർ വിനയാന്വിതനായി പുഞ്ചിരിതൂകി.

എസ്. കെ. നായർ പത്രലേഖകർക്ക പ്രത്യേകം സ്വാഗതം പറഞ്ഞു. ഏതോ പത്രക്കാരൻ ചീട്ട് കൊടുത്തയച്ചതു കൊണ്ടാണ് ഈ സ്വാഗതമുണ്ടായതെന്നു പറയപ്പെടുന്നു. വയററുപിഴപ്പിനു വന്നിരുന്നു എഴുതുന്നവന്മാരിൽ ചിലർക്ക മുഖസ്തുതി കേട്ട് സന്തോഷം വരുന്നതു കാണാമായിരുന്നു.

പനമ്പിള്ളിയുടെ സ്ഥാനത്ത് അവകാശമില്ലാതെ വന്നയാൾ എന്നു സമ്മതിച്ചുകൊണ്ട്—എം. കെ. കെ. നായർ സമ്മേളനം ഉൽഘാടനം ചെയ്തുതുടങ്ങി. തന്റെ സാമർത്ഥ്യമൊന്നുമല്ലാ ശതാബ്ദിയാഘോഷത്തിന്റെ പിന്നിലുള്ളതെന്നും ആലുവാ നഗരസഭാ ചെയർമാൻ ന്യു. ജെ. തരിയനെപ്പോലുള്ളവരുടെ സേവനം വിസ്മരിക്കാവതല്ലെന്നും അദ്ദേഹം പറഞ്ഞു. 'വ്യവസായികളും വ്യാപാരികളും അൽപം കലയിലും സാഹിത്യത്തിലും താൽപ്പര്യം കാണിച്ചതുകൊണ്ട് കുഴപ്പമൊന്നും വരാനില്ല'

കുററബോധത്തോടെയൊന്നുമല്ലാ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചതു്. പഴയ മഹാരാജാക്കന്മാരുടെ സ്ഥാനത്ത് ആധുനിക ലോകത്ത് വ്യവസായ പ്രമുഖരിനു കലകളെയും സാഹിത്യത്തേയും പ്രോൽസാഹിപ്പിക്കേണ്ടതെന്നു അദ്ദേഹത്തിനു ഉറച്ച വിശ്വാസമുണ്ട്. അതുകൊണ്ടാണ് പൊതുമേഖലാ വ്യവസായ സ്ഥാപനത്തിന്റെ തലവനായ അദ്ദേഹം പഴയ മഹാരാജാക്കന്മാരെപ്പോലെ സാഹിത്യത്തേയും കഥകളിയേയും കലകളേയും കളികളേയും നിർലോഭം പ്രോൽസാഹിപ്പിക്കുന്നതു്. അസൂയാലുക്കൾ ഏലൂർ രാജാവെന്നു വിളിച്ചാലെന്താ?

ശതാബ്ദിയാഘോഷത്തിന്റെ പ്രാധാന്യത്തെപ്പററിയും എം. കെ. കെ. നായര പറഞ്ഞു. സാഹിത്യകാരന്മാരും നിരൂപകരും എല്ലാം ഒന്നിച്ചിരുന്ന് മലയാള സാഹിത്യത്തിന്റെ ഇന്നത്തെ പോക്കിനെപ്പററിയാലോചിക്കണമെന്നും ഇന്നത്തെ കവികളുടെ കവിത വായിച്ചാൽ മനസ്സിലാകുന്നില്ലെന്നും അദ്ദേഹം വികാരതീവ്രതയോടെ പ്രസ്താവിച്ചു. കവിത എഴുതുന്നവർക്കതന്നെ വിഭ്രാന്തി പിടിപെട്ടിരിക്കയാണെന്നു തോന്നുമെന്നാണ് നായർ പറഞ്ഞതു്.

ഈ ലേഖകൻ എം. കെ. കെ. നായരുടെ ഈ പ്രഖ്യാപനം കേട്ട് ഞെട്ടിപ്പോയി. എന്തു്? അദ്ദേഹത്തിനു ആധുനികരുടെ കവിത വിഭ്രാന്തിയായി തോന്നുന്നുവെന്നോ? ആധുനിക ചിത്രകലയുടെ അംഗീകൃതരക്ഷാധികാരിയും അനേകം ആധുനികചിത്ര കലാപ്രദർശനങ്ങൾ ഉൽഘാടനം ചെയ്തിട്ടുള്ളയാളും സമ്മേളനത്തിന്റെ പിറേറന്നു രാവിലെതന്നെ ആധുനികചിത്രകാരന്മാരുടെ ബാത്തിക് കലാപ്രദർശനം ഉൽഘാടനം ചെയ്യാൻപോകുന്നയാളുമായ എം. കെ. കെ. നായർക്ക് ആധുനിക കവിത മനസ്സിലാകുന്നില്ലെന്നു പറഞ്ഞാൽ പിന്നെ മററുള്ളവർക്ക എങ്ങിനെ മനസ്സിലാകാനാണ്.

ആധുനിക കവിതകളെ ന്യായീകരിക്കുന്നതാണെങ്കിൽ ചിത്രകാരന്മാരെ ചൂണ്ടിക്കാട്ടിയിട്ടുമാണ്. താടിക്ക താഴെ മാത്രം ചെരിപ്പ് പോളിഷ് ചെയ്യുന്ന ബ്രഷ് പോലുള്ള താടിവെച്ച്, കൃതാവ് നീട്ടിവളർത്തി, മുടി വെട്ടാതെ നടക്കുന്ന ആധുനിക ചിത്രകാരന്മാരുടെ മാത്രം രക്ഷാധികാരിയാവുക—'സന്ത്രാസ' ക്കാരനായ ആധുനിക കവിയെ ഉപേക്ഷിക്കുക അരുതു്. എം. കെ. കെ. നായർ ഇങ്ങനെ പക്ഷാഭേദം കലാകാരന്മാരോട് കാണിക്കരുതു്.

അതുമാത്രമല്ലാ അദ്ദേഹം കാണിച്ച പക്ഷാഭേദം—'ശതാബ്ദ' യാഘോഷത്തോട് പക്ഷാഭേദം കാണിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു. ഷഷ്ഠിപൂർത്തിയാഘോഷിക്കുന്ന ഏർപ്പാട് നിർത്തണമെന്ന്. മനുഷ്യരുടെ ആയുസ് കൂടിയ ഇക്കാലത്തു് ഷഷ്ഠിപൂർത്തിയാഘോഷിക്കുന്നതിൽ അർത്ഥമില്ലെന്നാണ് നായരുടെ അഭിപ്രായം. നായരുടെ ഫലിതം കേട്ട് സദസ്സിന്റെ മുമ്പിലിരുന്ന സാഹിത്യകാരൻ ഇ. എം. കോവൂർ തലതല്ലിച്ചിരിക്കുന്നുണ്ടായിരുന്നു മുൻജില്ലാ ജഡ്ജിയായ കോവൂർ പത്രലേഖകരോട് ആംഗ്യം കാട്ടി ആജ്ഞാപിക്കുകയും ചെയ്തു. 'എഴുതിയെടുക്കുവിൻ, എഴുതിയെടുക്കുവിൻ'

## ഉൽഘാടന പ്രസംഗം

മുണ്ടശ്ശേരി നല്ലവണ്ണം ശ്രദ്ധിച്ചുകേൾക്കുന്നത് കണ്ടു. ഷഷ്ടി പൂർത്തിയും കടന്നു സപ്തതിയാഘോഷത്തെ നായരെ ഞൊന്നും എതിർത്താലോ എന്ന പേടിയുണ്ടാകാതിരിക്കുമോ? മുണ്ടശ്ശേരിയാണെങ്കിൽ സപ്തതിയാഘോഷിച്ചയാളാണ്. ആയുസ്സിന്റെ കാര്യമല്ലെ. ഒന്നും പറയാനൊക്കുകയില്ലല്ലോ. ജീവിച്ചിരിക്കുമ്പോൾ തന്നെ ആഘോഷിച്ചോട്ടെ എന്നൊരു ദയവു എം. കെ. നായർ കാണിക്കുന്നതു നന്നായിരിക്കും അല്ലെങ്കിൽ ജീവിച്ചിരിക്കുമ്പോൾ ആരും തിരിഞ്ഞു നോക്കിയില്ലെന്നും മരിച്ചശേഷം ശതാബ്ദിയാഘോഷിച്ചെന്നും പരാതിവരും. പാവം ശീവൊള്ളി തന്നെ മുപ്പത്തിയഞ്ചാം വയസ്സിൽ മരിച്ചയാളാണ്.

ഏതായാലും എം. കെ. കെ. നായർ പറഞ്ഞു. ഒരു കാര്യം സദസ്സിൽ കൂടിയിരുന്ന സഹൃദയരും പ്രത്യേകിച്ച് സാഹിത്യകാരന്മാരും വളരെ ശ്രദ്ധിക്കേണ്ടതാണ്. വയലുകരയിലെ ദാരിദ്ര്യത്തെ പററിയാണ് അദ്ദേഹം പറഞ്ഞത്. നല്ല വെള്ളം കിട്ടാനുള്ള സൌകര്യമുള്ള ആ ഗ്രാമത്തിൽ അദ്ധ്വാനിച്ച് കൃഷി നടത്തണമെന്നു അദ്ദേഹം ആഹ്വാനം ചെയ്തു. എഫ്. എ. സി. ടി. യുടെ പണം ചെലവാക്കി സാഹിത്യവേദിയിൽ കയറുന്നു എന്ന് ഇനി എം കെ. കെ. നായരെപ്പററി പരാതിപ്പെടരുതു്.

അങ്ങിനെ കാര്യമാത്ര പ്രസക്തമായ ഉൽഘാടനത്തിനുശേഷം മുണ്ടശ്ശേരി മൈക്കിനു മുമ്പിലെത്തി. പുസ്തകം വായിച്ചു കുറിപ്പുകളെടുത്തുകൊണ്ട് വന്നിട്ടാണ് പ്രസംഗം. നമ്പൂതിരി ശൈലിയിലുള്ള ഭാഷയും ഉച്ചാരണവുമായി മുണ്ടശ്ശേരി നീണ്ടതൊന്നു തട്ടിവിട്ടു. ശീവൊള്ളിയുടെ 'പ്രസിദ്ധ' കൃതികളായ ദാത്യൂഹസന്ദേശത്തേയും ദ്യുസ്പർശനാടകത്തെയുംപററി അത്രയും ആവർത്തിച്ചു പറഞ്ഞു.

രണ്ട് പ്രസിദ്ധ കൃതികളെപററിയും പത്രക്കാർ കേട്ടിട്ടില്ല. എല്ലാം അറിയാമെന്നു ഭാവിക്കുന്ന ഖദർ ജൂബ്ബക്കാരൻ പത്രലേഖനം പിടികിട്ടാതെ കുഴങ്ങുന്നു. വീണ്ടും വീണ്ടും ശ്രദ്ധിക്കുന്നു മനസ്സിലാകുന്നില്ല മുണ്ടശ്ശേരിയുടെ നാവു കുഴയുന്നുണ്ടോ?

അദ്ധ്യക്ഷ പ്രസംഗം കഴിഞ്ഞ് മുണ്ടശ്ശേരി മുറുക്കാനിരിക്കുമ്പോൾ കുററിപ്പുഴ അരങ്ങത്തേക്ക കയറി. പത്തു രൂപ വിലയുള്ള ശീവൊള്ളി സ്മാരക ഗ്രന്ഥത്തിന്റെ ഉൽഘാടനം നിർവ്വഹിക്കാനാണ് അദ്ദേഹം വേദിയിലെത്തിയിട്ടുള്ളത്. അങ്ങിനെയൊരു പരിപാടി നിർവ്വഹിക്കാൻ താല്പര്യമുള്ളതുകൊണ്ടല്ലാ മൈക്കിന്റെ മുമ്പിൽ അദ്ദേഹം ചെന്നെത്തിയത്. രണ്ട് കൈകളും മലർത്തി ചൂണ്ടിക്കാട്ടിക്കൊണ്ട് ഖിന്നനായി കുററിപ്പുഴ പറഞ്ഞു "സുപ്രീംകോടതി പറഞ്ഞതിൽ അനുസരിക്കാതെ പററില്ലല്ലോ?

സാഹിത്യ അക്കാഡമി ചെയാർമാനും യുക്തിവാദിയും വിചാരവിപ്ലവകാരനുമായ കുററിപ്പുഴയുടെ സുപ്രീംകോടതി പ്രയോഗം കേട്ട് എം. കെ. നായർ സന്തുഷ്ടനായിച്ചിരിച്ചു.

(ശേഷം 13-ാം പേജിൽ)

# 7. മനുഷ്യത്വമുള്ള ആധുനികത ഏകപരിഹാരം

കഴിഞ്ഞ അദ്ധ്യായങ്ങളിൽ ഇന്ത്യയിലെ മുസ്‌ലീം പ്രശ്നത്തെക്കുറിച്ച് ഞാൻ ചർച്ച ചെയ്തു. ഈ ഘട്ടത്തിൽ ഹിന്ദു വർഗ്ഗീയതയും പരിഗണിക്കപ്പെടേണ്ടതാണ്. എന്നിരുന്നാലും, ഇന്ത്യയിലെ ഹിന്ദു വർഗ്ഗീയത മുഖ്യമായും മുസ്‌ലീം വർഗ്ഗീയതയുടെ പ്രത്യാഘാതമെന്ന നിലയിൽ ആവിർഭവിച്ചതാണെന്നു ഞാൻ കരുതുന്നു. മുസ്‌ലീം വർഗ്ഗീയതയെ ഫലപ്രദമായി ഇല്ലാതാക്കുന്നു എങ്കിൽ, ഹിന്ദു വർഗീയതയുടെ മൂലകാരണവും ഇല്ലാതാകും.

വർഗീയതയുടെ ഈ രണ്ടു രൂപങ്ങളേയും വ്യത്യസ്തതലത്തിൽ ഞാൻ കണക്കാക്കുന്നതിനുള്ള കാരണം ഇതു് മാത്രമല്ല. മൗലികമായ മാനുഷിക മൂല്യങ്ങളെക്കുറിച്ച് ബോധമുള്ളവരും അതിനു വേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുന്നവരും സ്വാധീനമുള്ളവരുമായ വിശാല വീക്ഷണമുള്ളയുന്നതന്മാർ ഹിന്ദുസമുദായത്തിൽ ഇന്നുണ്ടെന്നു നേരത്തെ ഞാൻ പറഞ്ഞു. എണ്ണത്തിൽ കുറവെങ്കിലും സ്വാധീന ശക്തിയുള്ള വിശാല ബുദ്ധികളായ, ഇക്കൂട്ടർ ഹിന്ദു വർഗീയതയെ നിരന്തരം എതിർക്കുന്നു. ഇതാണ്, രണ്ടു് വർഗീയ ശക്തികളേയും ഒരേ തരത്തിൽ ഞാൻ കണക്കാക്കാത്തതിന്റെ കാരണം. അടിസ്ഥാനപരമായി മുസ്‌ലീം വർഗീയത വികസന മോഹമുള്ളതാണ്. കയറിക്കൊത്തുന്നതാണ്. ഹിന്ദുവർഗീയത സ്വയ രക്ഷക്കുവേണ്ടിയുള്ള പ്രത്യാഘാതമാണ്. ഹിന്ദു വർഗീയ വാദികൾ എത്ര തന്നെ ശ്രമിച്ചാലും ശരി, ഹിന്ദു വർഗീയതയെ ഒരു പരിധിക്കപ്പുറം ആക്രമണ സ്വഭാവമുള്ളതാക്കാൻ കഴിയുകയില്ല. ഹിന്ദു സമൂഹത്തിനു അതിന്റെ സ്വഭാവത്തിൽ തന്നെ ഉറപ്പുള്ള ഘടനയില്ല. വിശാല വീക്ഷണമുള്ള ഹിന്ദുക്കൾ സുസംഘടിതരാണ്. കടന്നാക്രമണത്തിനൊരുമ്പെടുന്ന ഹിന്ദു വർഗീയതയെ ചെറുക്കാൻ അവർ നിരന്തരം യത്നിക്കുന്നു. വിഭജനാനന്തരമുള്ള ദിവസങ്ങളിൽ, വർഗീയ വികാരം ആളിക്കത്തിയിരുന്ന സമയത്തുപോലും ഹിന്ദുക്കളിലെ മതേതര ദേശീയതയുടെ ശക്തികളെ കീഴ്പ്പെടുത്താൻ ഹിന്ദു വർഗീയ വാദികൾക്കു കഴിഞ്ഞില്ല.

എന്നാലും ഹിന്ദു പല രൂപത്തിലും പ്രത്യക്ഷപ്പെടുന്നവനാണ്. ഹിന്ദു മനസ്സിനെ മുസ്ലീം മനസ്സുമായി വ്യത്യാസപ്പെടുത്തി പരിശോധിക്കുന്നത് പ്രയോജനകരമായിരിക്കും. ഹിന്ദു സമൂഹം സ്വതന്ത്രമായ ആശയപ്രകടനം അനുവദിക്കുന്നു; അതുകൊണ്ട് പുതിയതും വ്യത്യസ്തവുമായ ആശയങ്ങൾക്കു പുറത്ത് വരാൻ സാധിക്കുന്നു. അങ്ങേയറ്റം തെറ്റായ നിലപാടെടുക്കാൻ ചിലപ്പോൾ ഹിന്ദുവിനു കഴിയും നിലവിലുള്ളതിനു കടകവിരുദ്ധമായ അഭിപ്രായങ്ങൾപോലും ഹിന്ദുവിനു പ്രചരിപ്പിക്കാൻ ശ്രമിക്കാം. അങ്ങിനെ തലതിരിഞ്ഞ ഹിന്ദുവിനു കുറെ പിന്തുണ പോലും കിട്ടിയെന്നു വരും. അതിന്റെ ഫലമായി, ഹിന്ദുക്കളിൽ അങ്ങേയറ്റം സഹിഷ്ണുതയും മനുഷ്യത്വവുമുള്ള ആളുകളും അങ്ങേയറ്റം ക്രൂരതയും ഇടുങ്ങിയ മനസ്ഥിതിയുമുള്ള ആളുകളുടെ ഒപ്പം പുലരുന്നതു കാണാം. ഹിന്ദു പല മുഖം മൂടിയും ധരിക്കുന്നു. ഒരർത്ഥത്തിൽ, ഹിന്ദു സമൂഹം പലതലകളുള്ള സത്വമാണ്. ചിലപ്പോൾ ഇത് പല കുഴപ്പങ്ങൾക്കും ഇടയാക്കാറുണ്ട്. ഇതു് ഹിന്ദുമനസ്സിന്റെ അനിശ്ചിതത്വവും പരസ്പര വിരുദ്ധമായ വികാരഭാവങ്ങളും വിശദമാക്കുന്നതാണ്. അതു് തീരുമാനങ്ങൾ നീട്ടിവെപ്പിക്കുന്നു. തുറന്ന സമീപനം ഒഴിവാക്കുന്നു. അതേ സമയം, മനസ്സിന്റെ സ്വാതന്ത്ര്യാവസ്ഥക്കുള്ള എല്ലാ മേന്മയും നേടാൻ അതു് ശ്രമിക്കുകയും ചെയ്യുന്നു.

തീർച്ചയായും ഇതിനൊരു മറുവശം കൂടിയുണ്ട്. മുസ്ലീം രാഷ്ട്രീയത്തിന്റേയും ഹിന്ദു മുസ്ലീം പ്രശ്നത്തിന്റേയും പശ്ചാത്തലത്തിൽ ഈ മറുവശത്തിനും തുല്യ പ്രാധാന്യമുണ്ട്. ഞാൻ നേരത്തെ അഭിപ്രായപ്പെട്ടതുപോലെ മുസ്ലീം വെല്ലുവിളിയെ നേരിടാൻ ഹിന്ദു സമൂഹം വിസമ്മതിച്ചുവെന്ന വസ്തുത ഗാന്ധിയും നെഹ്റുവും അംഗീകരിച്ചിരുന്നു. പക്ഷെ ഹിന്ദു വർഗീയ വാദികൾ ഇതംഗീകരിക്കുന്നതിൽ പരാജയപ്പെട്ടു. ഹിന്ദു സമൂഹത്തിനു ഊർജ്ജസ്വലതയില്ലെന്നു പറയേണ്ടിയിരിക്കുന്നു. അതില്ലാതെ ദേശീയ വെല്ലുവിളികളെ നേരിടാനാവില്ല. നൂറാണ്ടുകളായി അത് ചലനമററു കിടക്കുകയായിരുന്നു. ഇനിയും അത് ഒരു മാർഗ്ഗം കണ്ടെത്തേണ്ടതായിട്ടാണിരിക്കുന്നതു് ഇന്നു ഈ രാജ്യത്തു് നടമാടുന്ന വിവാദങ്ങളെപ്പററിയല്ലാ ഞാൻ പറയുന്നത്. ഈ വിവാദങ്ങളെ തരണം ചെയ്യാൻ തക്ക ഊർജ്ജസ്വലതയും ലക്ഷ്യബോധവും നമുക്കുണ്ടോ എന്നതാണ് യഥാർത്ഥപ്രശ്നം. അമേരിക്കൻ സമൂഹത്തിനു അത്തരത്തിലുള്ള ഊർജ്ജസ്വലതയുണ്ട്. റഷ്യക്കും അതുണ്ട്. റഷ്യയോടും അമേരിക്കയോടും താരതമ്യപ്പെടുത്തിയാൽ, യൂറോപ്പുകാർക്കു അവരുടെ ഊർജ്ജസ്വലത നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണ്. അതിനാൽ അവർ പിന്തള്ളപ്പെടുകയും ചെയ്യുന്നു. ഊർജ്ജസ്വല രാഷ്ട്രങ്ങൾ അവയുടെ സ്വാധീനവലയം വികസിപ്പിച്ചു കൊണ്ടേയിരിക്കുന്നുവെന്നു ഓർക്കണം. ചിലപ്പോൾ അവ ഭൂമിശാസ്ത്രപരമായി വികസിച്ചെന്നു വരാം, ചിലപ്പോൾ അവയുടെ വികാസം സാംസ്കാരികമായിട്ടാണ്. മററു ചിലപ്പോൾ സാമ്പത്തിക രാഷ്ട്രീയ രൂപങ്ങളിലാണ് അവയുടെ സ്വാധീനം വിസ്തൃതമാകുന്നതു്. യഥാർത്ഥത്തിൽ ഇന്ത്യ ഇന്നു ചെറുതാകുകയാണ്. ഇന്ത്യക്കാരിൽ ഭൂരിഭാഗത്തിനുമുള്ള ഊർജ്ജസ്വലതയില്ലായ്മയാണു് ഇത് കാണിക്കുന്നത്. സ്വാധീനം കുറഞ്ഞുപോകാനിടയായതിനു നേതൃത്വത്തിനു മാത്രമല്ലാ ഉത്തരവാദിത്വമുള്ളത്. ദുർബ്ബലമായ നേതൃത്വത്തെ ഊർജ്ജസ്വലമായ ഒരു സമൂഹത്തിനു എങ്ങിനെ തിരസ്ക്കരിക്കാമെന്നു തെളിയിച്ചുകൊണ്ടു് ഇംഗ്ലീഷ് സമൂഹം ചേമ്പർ ലെയിനിനെ പുറം തള്ളി. എന്നാലും: വിഷമ ഘട്ടത്തിൽ പോലും നമ്മുടെ ദുർബ്ബല നേതൃത്വത്തെ പുറംതള്ളാൻ നമുക്കാവുന്നില്ല. നമ്മുടെ നേതൃത്വം ഭാരത സമൂഹത്തിനൊട്ടാകെയുള്ള ദൌർബ്ബല്യത്തിന്റെ പ്രതിരൂപമാണ്.

മുസ്‌ലീം സമൂഹത്തിനു അങ്ങിനെയുള്ള ഊർജ്ജസ്വലതയുണ്ടോ? ഉത്തരം 'ഇല്ല' എന്നാണ് ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ എങ്ങിനെ അറബിശക്തി ചുരുങ്ങിപ്പോയിയെന്നു നാം അടുത്തകാലത്ത് കണ്ടു. ലോകത്തിൽ ഇന്നൊരിടത്തും തന്നെ ഇസ്‌ലാമിക സംസ്ക്കാരത്തിന്റെ ഊർജ്ജസ്വലമായ സ്വാധീനം നാം കാണുന്നില്ല. ശേഷിനശിച്ച സമൂഹത്തിന്റെ ല

★ മുസ്ലീം പോളിററിക്സ് ഇൻ ഇന്ത്യ

ഹമീദ് ദൽവായ്

നചികേത
പബ്ളിക്കേഷൻസ്
സ്ലീററർ റോഡ്,
ബോംബെ–7.

(കഴിഞ്ഞ ലക്കത്തിൽ നിന്നു തുടർച്ച)

ക്ഷണങ്ങളാണിവ. മതം പ്രചരിപ്പിക്കുന്നതിൽ മാത്രം ഇസ്ലാമിക ഊർജസ്വലത ഒതുങ്ങി നിൽക്കുകയാണ്. മുസ്ലീമുകൾ ഇതിനെ ഊർജസ്വലതയെന്നു വിളിക്കുന്നു, യഥാർത്ഥത്തിൽ ഇത് പ്രാകൃതമായ മദ്ധ്യകാല ചിന്താഗതിയുടെ അവശിഷ്ടം മാത്രമാണ്. സ്വന്തം നാശത്തിന്റെ വിത്തുകളും അതിലുണ്ട്.

ഇന്ത്യയിലെ മുസ്ലീമുകളെ നേരിടുന്നതിൽ ഹിന്ദുക്കൾ നിസ്സഹായത പ്രകടിപ്പിക്കുന്നത് കാണുന്നത് എന്തിനെയാണ് നാം വിശദീകരിക്കുക? - മുസ്ലീമുകളുടെ ഊർജസ്വലതയാണ് പാക്കിസ്ഥാൻ സൃഷ്ടിച്ചതെന്നു പറയാവതല്ല. ഒരു മൂന്നാം കക്ഷിയുടെ സഹായത്തോടെയാണ് പാക്കിസ്ഥാൻ സൃഷ്ടിക്കപ്പെട്ടത്. അതിപ്പോൾ കഴിഞ്ഞുപോയ അദ്ധ്യായമാണ്. എന്നാലും സംഘർഷം തുടരുന്നു. രണ്ടു സമീപനങ്ങൾ തമ്മിലുള്ള സംഘർഷമാണത്. മതപരമായ വികസനം സ്വപ്നം കാണുന്നതുകൊണ്ടു മുസ്ലീം മനസ്സ് അടിസ്ഥാനപരമായി വികസനമോഹമുള്ളതാണ്. ഹിന്ദു യാഥാസ്ഥിതികനാണ്. ഹിന്ദുക്കൾ സ്വയം സ്വീകരിച്ച പരിമിതികൾ വിട്ടുപോകുകയില്ല. ഹിന്ദുക്കളുടെ ഈ ശീലം ചിലപ്പോൾ തനി അസംബന്ധരൂപം കൈക്കൊള്ളാറുണ്ട്. സ്വന്തം രാഷ്ട്രത്തിന്റെ ഭാഗമായ കാശ്മീരിൽ പ്രവേശിക്കേണ്ടതില്ലെന്നു അയാൾ നിശ്ചയിക്കുന്നു. മററാരേയും, തന്നെത്താനായും നാനാപ്രദേശത്തു് കടക്കാൻ അയാൾ അനുവദിക്കുകയില്ല. ഇതൊക്കെ അധഃപതനത്തിന്റെ ലക്ഷണമാണ്.

വികസനമോഹത്തെപ്പററി ഞാൻ പറയുമ്പോൾ ഞാൻ അതിന്റെ വക്കാലത്തു് പിടിക്കുന്നതായി തെററിദ്ധരിക്കരുത്. ഒരു സമൂഹം വികസനമോഹമുള്ളതായിരിക്കണമെന്നു ഞാൻ പറയുന്നില്ല. എന്തുതരം വികസനമാണ് ധാർമ്മികമായി നീതീകരിക്കാവുന്നതെന്നു ആധുനിക മനസ്സാക്ഷി ഒരു അളവുകോൽ നിശ്ചയിച്ചിട്ടുണ്ട്. ഭാവിയിലെ ഊർജസ്വലമായ ഹിന്ദുസമൂഹം ആധുനിക മനസ്സാക്ഷി വളർത്തിയെടുക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഹിന്ദുക്കൾ വേണ്ടത്ര ഊർജസ്വലതയുള്ളവരായെങ്കിൽ ഹിന്ദു-മുസ്ലീം പ്രശ്നം പരിഹരിക്കപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു. കാരണം ഹിന്ദുക്കൾ ഊർജസ്വലരായാൽ, അവർ ഇന്ത്യയിലെ മുസ്ലീമുകളെ പലതവണ ഞെട്ടിക്കും. ചരിത്രം മുസ്ലീമുകളെ ഇങ്ങനെ ഞെട്ടിച്ചിട്ടില്ല. പരിവർത്തനമാഗ്രഹിക്കുന്നില്ലെങ്കിൽ നശിക്കുക മാത്രമാണ് പോംവഴി എന്ന നിലവന്നുചേരും. ഏതു സമൂഹവും നാശത്തെക്കാൾ ഇഷ്ടപ്പെടുക പരിവർത്തനമാണ്. ഇന്ത്യയിലെ മുസ്ലീം രാഷ്ട്രീയത്തിന്റെ വെല്ലുവിളി നേരിടുന്നതിനു ഹിന്ദുക്കൾ കഴിയണമെങ്കിൽ, അവർ ഊർജസ്വലതയും മാനസികമായ സമനിലയും വളർത്തിയെടുക്കണം. ജാതി സമ്പ്രദായം അവസാനിപ്പിക്കേണ്ടതാണ്. ഹിന്ദുക്കൾ ആധുനികതയെ സർവ്വാത്മനാ സ്വീകരിക്കണം. മൌലികമായ മാനുഷിക മൂല്യങ്ങളിലും യഥാർത്ഥമായ സാഹോദര്യ സമത്വത്തെക്കുറിച്ചുള്ള ധാരണകളിലും അടിസ്ഥാനമുറപ്പിച്ച ഒരു സമൂഹത്തെ അവർ സൃഷ്ടിക്കണം. നിർഭാഗ്യവശാൽ, ഹിന്ദുമനസ്സിനു സമനിലയില്ല. ആധുനികതയും നീതിയും സാഹോദര്യവും മാർഗ്ഗനിർദ്ദേശത്തിനുള്ള തത്വങ്ങളായി സ്വീകരിച്ചിട്ടുള്ള ഹിന്ദുക്കൾ പോലും ചിലപ്പോൾ മുസ്ലീം വർഗീയതക്കു പിന്തുണനൽകുന്നു. ചിലർ അതിനെതിരായി സംസാരിക്കുന്നതിൽ നിന്നൊഴിഞ്ഞുമാറുന്നു. മററു ചിലർ പരോക്ഷമായി അതിനെ പ്രോത്സാഹിപ്പിക്കുകൂടി ചെയ്യുന്നു. ഇന്നു വർഗീയതക്കെതിരെ പോരാടേണ്ടവരായ ആ ഹിന്ദുക്കൾ, പകരം കാലത്തെ പിന്നോട്ടു പായിക്കാനാണ് നോക്കുന്നതെന്നു തോന്നുന്നു. പഴഞ്ചത്തത്തിനും പുനരുദ്ധാരണത്തിനും ജാതിവ്യവസ്ഥക്കും ഗോപൂജക്കും അവർ പിന്തുണ നൽകുന്നു. ഇപ്പോഴും അവശേഷിച്ചിട്ടുള്ള എന്തെങ്കിലും ഊർജസ്വലത കൂടി ചോർത്തിക്കളയുന്ന പ്രക്രിയയാരിക്കും ഇത്. ഹിന്ദുസമൂഹത്തെ നവീകരിക്കാൻ ശ്രമിക്കുന്ന ഹിന്ദുക്കൾ വേണ്ടത്രയുണ്ടാകണം. അതേ സമയം മുസ്ലീം വർഗ്ഗീയതയുടെ യുക്തിഹീനമായ രാഷ്ട്രീയത്തെ എതിർക്കുന്ന ഹിന്ദുക്കളുമുണ്ടാകണം. അതുതന്നെയായിരിക്കും ഹിന്ദു-മുസ്ലീം പ്രശ്നത്തെ ഇല്ലാതാക്കാൻ കഴിയുന്ന പ്രക്രിയ. വിശാലബുദ്ധികളായ ഹിന്ദുക്കളും വർഗീയ വാദികളായ ഹിന്ദുക്കളും തമ്മിലുള്ള ഭിന്നതയെ മുസ്ലീം വർഗീയത ഇന്നു അങ്ങേയററം മുതലെടുക്കുന്നു. വിശാലബുദ്ധിജീവികളാകട്ടെ, വർഗീയ വാദികളാകട്ടെ, ഇരു വിഭാഗം ഹിന്ദുക്കളുടേയും പിന്തുണ മുസ്ലീം വർഗീയ വാദികൾക്കു ലഭിക്കുന്നുവെന്നതു വിധിവൈപരീത്യമാണ്. ഉത്തർപ്രദേശിലും ബീഹാറിലും ഉറുദു രണ്ടാമത്തെ ഔദ്യോഗിക ഭാഷയാക്കണമെന്നു മുസ്ലീം വർഗീയ വാദികൾ ഉന്നയിക്കുന്ന വാദത്തിനു മതേതരത്തിന്റെ മുദ്രയൊട്ടിച്ച് നവീകരണവാദികളെന്നു പറയപ്പെടുന്ന ഹിന്ദുക്കളും പിന്തുണ നൽകുന്നുണ്ട്. അത്തരം ഹിന്ദുക്കളുടെ 'മതേതരത്വം' മുസ്ലീമുകളുടെ മതേതരത്വവിരുദ്ധ ചിന്താഗതിയെ പ്രോത്സാഹിപ്പിക്കുന്നു. മുസ്ലീമുകളെ മുഷിപ്പിക്കുമെന്ന കാരണത്താൽ, ഈ മതേതര വാദികളെന്നു പറയപ്പെടുന്ന ഹിന്ദുക്കൾ പൊതുവായ വ്യക്തി നിയമങ്ങൾ ഉണ്ടാകുന്നതിനെ എതിർക്കുന്നു. അവർ ഷേക്ക് അബ്ദുള്ളക്കു പിന്തുണ നൽകുന്നു. പാക്കിസ്ഥാനുമായി നമ്മുടെ രാജ്യത്തിനുള്ള തർക്കങ്ങൾ അവസാനിപ്പിക്കുന്നതിനുവേണ്ടി കാശ്മീർ പാക്കിസ്ഥാനു കൊടുക്കുന്നതിലെത്തിക്കുന്ന നിർദ്ദേശങ്ങൾ അവർ വെക്കുന്നു. ന്യൂഡൽഹിയിൽ പ്രസിഡന്റ് നാസ്സറിനെതിരെ പ്രകടനം നടത്തുന്ന ജമാ അത്ത് എ ഇസ്ലാമിലെ അംഗങ്ങളെ അറസ്റ്റു ചെയ്യുമ്പോൾ ഈ 'മതേതര' ഹിന്ദുക്കൾ ചാടി പ്രതിഷേധിക്കുന്നു. പ്രവാചകനെക്കുറിച്ചു വിവാദപരമായ പുസ്തകം പ്രസിദ്ധീകരിച്ച ഭാരതീയ വിദ്യാഭവനെതിരായി മുസ്ലീമുകൾ നടത്തിയ പ്രക്ഷോഭണത്തെ അവർ പിന്താങ്ങുന്നു. ഹമീദ് ദൽവായിയുടെ 'ഇന്ധനം' എന്ന നോവലിനെതിരെ മുസ്ലീം മത ഭ്രാന്തന്മാർ പ്രതിഷേധക്കൊടുങ്കാററു ഉയർത്തുമ്പോൾ, ഈ 'മതേതരവാദി'കളെന്നു പറയപ്പെടുന്നവർ മതഭ്രാന്തന്മാർക്കു പിന്തുണ നൽകുകയും ഹമീദ് ദൽവായിയെ എതിർക്കുകയും ചെയ്യുന്നു. ആലിഗാർ സർവ്വകലാശാലാ പ്രശ്നത്തിനുണ്ടാക്കിയിട്ടുള്ള വർഗീയച്ചുവ നേരെയാക്കാൻ ശ്രീ ഛഗ്ള ശ്രമിക്കുമ്പോൾ കോൺഗ്രസ് വിരോധം നടിച്ച് ഇവർ വേലിപ്പുറത്തിരിക്കും. അതാണു, ചുരുക്കത്തിൽ, ഹിന്ദു മതേതര വാദിയെന്നു പറയപ്പെടുന്നവന്മാരുടെ രീതി.

ഇനി യാഥാസ്ഥിതിക ഹിന്ദുവിന്റെ കാര്യം നോക്കാം. സർവ്വകലാശാലയിൽ നിന്നു 'ഹിന്ദു' എന്ന പദം നീക്കുന്നതിനെതിരെ അയാൾ പ്രക്ഷോഭണം നടത്തുന്നു, മുസ്ലീംലീഗിന്റെ പിന്തുണ നേടുകയും ചെയ്യുന്നു. ഗോവധം നിരോധിക്കുന്നതിനു അയാൾ പ്രക്ഷോഭണം തുടങ്ങും. മുസ്ലീം വർഗ്ഗീയവാദികൾ അതിനുപോലും പിന്തുണ നൽകും. ഇത്തരം കാര്യങ്ങളിൽ അയാൾക്കു അവർ പിന്തുണ നൽകുമ്പോൾ ഛഗ്ളക്കെതിരെ രണ്ടുപേരും ചേർന്നു ഐക്യമുന്നണിയുണ്ടാക്കാൻ കഴിയും. അപ്പോൾ പ്രവാചകന്റെ നഷ്ടപ്പെട്ട രോമം പ്രദർശിപ്പിക്കാൻ വേണ്ടി മുസ്ലീം വർഗീയ വാദികൾ രാജ്യവ്യാപകമായി പ്ര

ക്ഷോഭണങ്ങളും ഇഷ്ടംപോലെ നടത്താം. പ്രവാചകന്റെ വിമർശകരെ അയാൾക്കു ദ്രോഹിക്കാം. ചുരുക്കത്തിൽ, അയാളെപ്പോഴും ഹിന്ദുപുനരുദ്ധരണ വാദത്തെ സ്വന്തം ഗുണത്തിനായി ഉപയോഗപ്പെടുത്തും. ഒരു സമുദായത്തിന്റെ പഴഞ്ചത്തം മറെറാന്നിന്റെ പഴഞ്ചത്തെ ബലപ്പെടുത്തുന്നുവെന്നു ഓർക്കണം. ഹിന്ദു പഴഞ്ചത്തത്തെ എതിർക്കുകയും നശിപ്പിക്കുകയും ചെയ്താൽ, അതു മുസ്‌ളീം പഴഞ്ചത്തത്തിനും ശക്തിയായ ആഘാത മേൽപ്പിക്കുന്നതാണ്.

ആരാണ്, അപ്പോൾ യഥാർത്ഥത്തിൽ മുസ്‌ലീം വർഗ്ഗീയതയെ ചെറുക്കുന്നത് ആധുനിക ചിന്താഗതിയുള്ള ഒരുപിടി മുസ്‌ലീമുകൾ മാത്രം എന്നാണുത്തരം. ആധുനിക വിശാല ബുദ്ധികളായ മുസ്‌ലീമുകളെ യഥാർത്ഥത്തിൽ ശ്രീ ചഗ്ലയാണ് നയിക്കുന്നത്. ചഗ്ലയുടെ ഇന്നത്തെ സ്ഥിതി നമുക്കെല്ലാം അറിയാം അദ്ദേഹത്തെ മുസ്‌ലീമുകൾ എതിർക്കുന്നു, ഹിന്ദുക്കൾ അദ്ദേഹത്തിനു പിന്തുണ നൽകുന്നുമില്ല.

ഇന്ത്യയിലെ മുസ്‌ലീമുകളെക്കുറിച്ച് ഞാൻ വരച്ച ചിത്രം ഭീകരമാണെന്നതിൽ സംശയമില്ല. പക്ഷെ അതാണ് സത്യം. മറെറാരു തരത്തിൽ വിശ്വസിക്കാൻ ശ്രമിച്ചാൽ ആത്മവഞ്ചന നടത്തലായിരിക്കും.

എന്നാൽ, ഉപരിതലത്തിൽ നാം കാണുന്നത് ഇതൊക്കെയാണ്. ഉപരിതലത്തിൽ മുസ്‌ലീം സാമൂഹ്യഘടന മദ്ധ്യകാലത്തേതായി. എന്നിട്ടും, അഗാധതലത്തിൽ എവിടേയോ ഈ സമൂഹത്തിൽ മാററം സംഭവിക്കുന്നുണ്ട്. ഈ മാററത്തിൽ നാടകീയമായിട്ടൊന്നുമില്ല. മിക്കവാറും അത് കാണാൻ പററാത്തതാണ്. വളരെ സാവധാനത്തിലുള്ളതാണ്. കുറെ കാലം മുമ്പേ ആരംഭിച്ച പ്രക്രിയയാണത്. അത് പൂർണ്ണമാകുന്നതിനു ഇനിയും പല ഘട്ടങ്ങൾ കടന്നു വരണം. ഇന്ത്യയിലെ മുസ്ലീമുകളുടെ നവീകരണത്തിന്റെ ആദ്യഘട്ടത്തെയാണ് സർ സയ്യദ് അംഹമ്മദ്ഖാൻ പ്രതിനിധീകരിക്കുന്നത് ഹിന്ദുക്കളോട് എതിർപ്പുള്ളയാളായിരുന്നെങ്കിലും അദ്ദേഹം മുസ്‌ലീമുകളെ നവീകരിക്കാൻ ആഗ്രഹിച്ചു. ജിന്നായും ഇക്ബാലും രണ്ടാം ഘട്ടത്തെ പ്രതിനിധീകരിക്കുന്നു. ആരംഭത്തിൽ അവർ ഇസ്‌ലാമിന്റെ പേരിലാണ് സംസാരിച്ചിരുന്നത്. ജിന്നയോ ഇക്ബാലോ ഹിന്ദുവിരുദ്ധരായിരുന്നില്ല. എന്നിരുന്നാലും ഇസ്‌ലാമികവാദം അവസാനം ഹിന്ദു വിരുദ്ധവാദത്തിലെത്തിച്ചു. ഇവിടെ വെച്ചാണ് മുസ്‌ലീമുകളുടെ നവീകരണ പ്രക്രിയ തടയപ്പെട്ടത്. ഹിന്ദുക്കൾ നേരെമറിച്ച്, വളരെ പുരോഗതി പ്രാപിച്ചിരുന്നു. ഹിന്ദു നവീകരണത്തിന്റെ ആദ്യഘട്ടത്തെ രാജാറാം മോഹൻറോയ പ്രതിനിധീകരിക്കുന്നു. അദ്ദേഹത്തിന്റെ പല അഭിപ്രായങ്ങളും പിന്നീട് സർ സയ്യദ് അഹമ്മദ്ഖാൻ പ്രകടിപ്പിച്ച അഭിപ്രായങ്ങൾ പോലുള്ളതായിരുന്നു. ഉദാഹരണത്തിനു, സർ സയ്യദിനെപോലെ രാജയും വിചാരിച്ചിരുന്നത് ബ്രിട്ടീഷുഭരണം ഇന്ത്യക്കു ലഭിച്ച ദിവ്യദാനമാണെന്നാണ് സവർക്കർ രണ്ടാം ഘട്ടത്തെ പ്രതിനിധീകരിക്കുന്നു. ഹിന്ദു സമൂഹത്തെ നവീകരിക്കാൻ അദ്ദേഹം ആഗ്രഹിച്ചു—പ്രായോഗിക പരിഗണനകൾ കാരണം, ശാസ്ത്രീയ വീക്ഷണത്തിലുപരിയായി സാങ്കേതിക നവീകരണത്തിലാണ് അദ്ദേഹം ശ്രദ്ധയൂന്നിയതു് എന്നു തോന്നുമായിരുന്നെങ്കിലും—നെഹ്റു മൂന്നാം ഘട്ടത്തെ പ്രതിനിധീകരിക്കുന്നു. ജനാധിപത്യത്തിലും തുറന്ന സമൂഹത്തിന്റെ മൂല്യങ്ങളിലും അടിയുറച്ചു വിശ്വസിച്ചയാളെന്നയർത്ഥത്തിലാണു നെഹ്റു ആധുനികനായതു്. ഹിന്ദുക്കൾക്കു ഒരേ കാലത്തു് തന്നെ സവർക്കറും നെഹ്റുവും ഉണ്ടായിയെന്നതു് രസകരമാണ് രണ്ടു് ഘട്ടങ്ങളും ഒപ്പമുണ്ടായി. ഇന്ത്യയിലെ മുസ്‌ളീമുകൾ അവരുടെ നെഹ്റുവിനേയോ സവർക്കറിനെപ്പോലുമോ ഇനിയും ഉണ്ടാക്കേണ്ടതായിട്ടാണിരിക്കുന്നതു്.

എന്നിരുന്നാലും, ഇന്നു ഇന്ത്യയിൽ മുസ്‌ളീമുകളുടെ ഒരു പുതിയ തലമുറ ഉയർന്നുവരുന്നുണ്ടു്. അവരിൽ യഥാർത്ഥമായ ആധുനിക മാനുഷിക വീക്ഷണത്തിന്റെ ആദ്യത്തെ കിരണങ്ങൾ കാണാൻ കഴിയും. പരന്നുകിടക്കുന്ന മദ്ധ്യകാല മുസ്ലീംസമൂഹത്തിൽ, മാനുഷികവും യുക്തിപൂർവ്വവുമായ സമീപനമുള്ള ആധുനികരായ കുറച്ചു് യുവമുസ്‌ളീമുകളെ കാണുന്നുണ്ടു്. വിശാല സമുദ്രത്തിലെ ദ്വീപുകൾപോലെ അവരിപ്പോഴും ഒററപ്പെട്ടു് ചിതറിക്കിടക്കുകയാണ്. അവർ പറയുകയും എഴുതുകയും ചെയ്യുന്നതിലാണു് ആധുനികത കാണുന്നതു്. അവരുടെ പ്രവൃത്തികളിലും അത് കാണാം.

ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുന്നത് നന്നായിരിക്കും. ഇന്ത്യയിലെ വിദ്യാസമ്പന്നരായ ചില മുസ്‌ലീമുകൾ മുൻ വിധിയൊന്നുമില്ലാത്ത, നിസ്സംഗമായ പുതിയ പെരുമാററത്തിന്റെ ലക്ഷണം കാണിച്ചു തുടങ്ങിയിട്ടുണ്ട്. ഉദാഹരണത്തിനു പ്രൊഫസർ മുഹമ്മദ്‌യാസിനിന്റെ 'ഇസ്‌ലാമിക ഇന്ത്യയിലെ സാമൂഹ്യ ചരിത്രം' പതിനാറും പതിനേഴും നൂററാണ്ടുകളിലെ മുസ്ലീം പുനരുദ്ധാരണ സംരംഭത്തെ അപഗ്രഥിക്കുന്ന പ്രൊഫസർ അത്തർറിസ്‌വിയുടെ പുസ്തകം, പ്രൊഫസർ മുജീബിന്റെ 'ഇന്ത്യയിലെ മുസ്‌ലീമുകൾ' എന്ന പുസ്തകം എന്നിവ പുതിയതായി വിമർശനാത്മകമായ നിസ്സംഗഭാവം പ്രകടിപ്പിക്കുന്നുണ്ട്. പ്രൊഫസർ മുഹമ്മദ് ഹബീബിനും ഓസ്മാനിയാ സർവ്വകലാശാലയിലെ രാഷ്ട്രതന്ത്ര വിഭാഗത്തിന്റെ തലവനായ ഡോക്ടർ റഷ്യുദ്ദീൻ ഖാനിനും ഇത്തരത്തിലുള്ള ആധുനിക വീക്ഷണമാണുള്ളതു്. ആലിഗാർ ഞാൻ അടുത്തകാലത്ത് സന്ദർശിച്ചയവസരത്തിൽ ചില വിദ്യാർത്ഥി വിദ്യാർത്ഥിനികളേയും അദ്ധ്യാപകരേയും കണ്ടു സംസാരിക്കുകയുണ്ടായി. വടക്കേ ഇന്ത്യയിലെ പല നഗരങ്ങളിലും പർദ്ദ വളരെ വേഗം അപ്രത്യക്ഷമാകുന്നുണ്ടെന്നു മാത്രമല്ല, മുസ്‌ലീം സ്ത്രീകൾക്കിടയിൽ വിദ്യാഭ്യാസം വളരെ വേഗം പ്രചരിക്കുന്നുമുണ്ട്. ഇവരിൽ പലരും മററു മതവിശ്വാസികളെയാണ് വിവാഹം ചെയ്തിരിക്കുന്നത്. ഇങ്ങനെ മുസ്‌ലീം സ്ത്രീകളെ വിവാഹം കഴിച്ച അന്യമതക്കാർ മുസ്‌ലീമുകളായിത്തീരണമെന്നു നിർബ്ബന്ധിച്ചില്ലെന്നത് ഗണനീയമായ കാര്യമാണ്. ഇതെല്ലാം ഇന്ത്യയിലെ മുസ്‌ലീമുകളിൽ ആധുനികതയുണ്ടാകുന്നതിന്റെ പ്രവണതയാണ് സൂചിപ്പിക്കുന്നത്.

നാം ഈ പുതിയ പ്രവണതകളെ സ്വാഗതം ചെയ്യാൻ പോകയാണോ? അവയെ പ്രോത്സാഹിപ്പിക്കാനും തഴച്ചു വളരാൻ സഹായിക്കാനും പോകയാണോ? ഇതാണ് ഇപ്പോൾ നാം തീരുമാനിക്കേണ്ടത്. പാക്കിസ്ഥാന്റെ വികസന മോഹത്തെ നാം ചെറുക്കണം. നമ്മുടെ അതിർത്തികൾ സംരക്ഷിക്കണം. വ്യക്തവും ദീർഘകാലാടിസ്ഥാനത്തിൽ ഉറച്ചതുമായ ഒരു നയം നാം പാക്കിസ്ഥാനോട് സ്വീകരിക്കേണ്ടതാണ്. ഇന്ത്യയിൽ മുസ്ലീമുകളുടെ ആധുനികതക്കു നാം പിന്തുണ നൽകണം. ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും ബാധകമായ വ്യക്തിനിയമം വേണമെന്നു നിർബ്ബന്ധിക്കേണ്ടതാണ്. ഇന്ത്യയിൽ നടക്കുന്ന എല്ലാ വിവാഹങ്ങളും പൊതുവായ ഒരു സിവിൽകോഡ് പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ വേണ്ടതാണ്. പ്രായപൂർത്തിയാകാത്ത ആരേയും മതപരിവർത്തനത്തിനു അനുവദിക്കരുത്. മതപരിവർത്തനം നടത്തുന്നെങ്കിൽ അത് മജിസ്ട്രേട്ടിന്റെ മുമ്പാകെ വെച്ചല്ലാതെ നടത്താൻ പാടില്ലെന്നു നിബന്ധന വേണം. മിശ്രവിവാഹത്തിൽ ജനിക്കുന്ന കുട്ടികൾക്കു ഇഷ്ടമുള്ള മതം സ്വീകരിക്കാൻ

# കത്തുകൾ

## ഒരു സംശയം

പുരോഗമന ചിന്താഗതിക്കാരുടെ വീക്ഷണമാണ് 'നിർണ്ണയ,ത്തിലെ ലേഖനങ്ങൾക്കുള്ളത്. വൈകിയാണെങ്കിലും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ്കാർ ലീഗിനോട്ട് അനുവർത്തിക്കുന്ന ഇരട്ടത്താപ്പ് നയം ചൂണ്ടിക്കാണിച്ചതിനു നന്ദി.

ഒരിക്കൽ സ്പീക്കറാക്കണമെങ്കിൽ തൊപ്പിയൂരണമെന്നു ലീഗിന്റെയടുത്ത് നിർബ്ബന്ധം ചെലുത്തിയ കോൺഗ്രസ്സ് സംഘടന വലിഞ്ഞുകയറി, ലീഗു കൂടി ഉൾപ്പെട്ട മന്ത്രിസഭക്കു പിൻതുണ നൽകുന്നതു കാണുമ്പോൾ വേദന തോന്നുന്നു. തൊപ്പിയൂരിപ്പിച്ചത് സി. കെ. ഗോവിന്ദൻ നായരാണെങ്കിൽ ഇപ്പോൾ പിൻതാങ്ങുന്നതു് അദ്ദേഹത്തിന്റെ അനുയായികൾ എന്നു അവകാശപ്പെടുന്നവരാണല്ലോ. സി. കെ യുടെ വേർപാട് സൃഷ്ടിച്ച ശൂന്യത സംഘടനാ രംഗത്ത് അനുഭവപ്പെടുന്നുണ്ട്.

യൂത്തു് കോൺഗ്രസ്സിന്റെ സംസ്ഥാന സമ്മേളനത്തെ വിലയിരുത്തിക്കൊണ്ടുള്ള ലേഖനം നന്നായി. ഒരു കാര്യം വിട്ടുപോയതു് ചൂണ്ടിക്കാണിക്കട്ടെ. യൂത്തു് കോൺഗ്രസ്സിന്റെ അഖിലേന്ത്യാ സെക്രട്ടറിയായി പി. എം. സെയ്തി (എം. പി.) നെ നോമിനേററ് ചെയ്തിരിക്കുന്നതായി തുളസീദാസ് ദാസപ്പയുടെ അറിയിപ്പ് മാർച്ച് 14–ാം നുയിലെ പത്രത്തിൽ കണ്ടു. യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് നടന്ന റാലിയിൽ അദ്ദേഹം പ്രസംഗിക്കുകയും ചെയ്തു. എന്നാൽ യൂത്ത് കോൺഗ്രസ്സിലെ പഴയ നേതാവായ എ. സി. ജോർജ് അദ്ദേഹത്തെ പരാജയപ്പെടുത്തിയത് കേവലം ഒരു എം. പി. എന്ന നിലക്കാണ്. ഒരു പക്ഷെ അബദ്ധം പററിയതായിരിക്കുമെന്നാണ് ഞങ്ങൾ കരുതിയത്. എന്നാൽ കഴിഞ്ഞ ദിവസത്തെ പത്രത്തിലും അഖിലേന്ത്യായൂത്ത് കോൺഗ്രസ് സെക്രട്ടറി വയലാർ രവി എന്ന പേരിൽ പ്രസ്താവന കാണുവാൻ ഇടയായി. ഇപ്പോൾ ഒരു സംശയം യൂത്ത് കോൺഗ്രസ്സിന്റെ അഖിലേന്ത്യാ നേതൃത്വത്തെ സംസ്ഥാന നേതൃത്വം അംഗീകരിക്കുന്നുണ്ടോയെന്നാണ് സംശയം.

എൻ. ഗോപാലകൃഷ്ണൻ
കൺവീനർ, യൂത്ത് കോൺഗ്രസ്സ്
കമ്മിററി, മുഹമ്മാ മണ്ഡലം.

X X X X

## കണ്ണടച്ചിരിക്കരുത്

പന്ത്രണ്ടാം ലക്കത്തിൽ രാജനെഴുതിയ കാഴ്ചപ്പാടുകൾ വായിച്ചപ്പോൾ സന്തോഷം തോന്നി. ജാതിയും മതവും നശിക്കണമെങ്കിൽ രാജ്യം സാമ്പത്തികമായി പുരോഗതി പ്രാപിക്കണം. അങ്ങിനെവരണമെങ്കിൽ പുരോഗമന സ്വഭാവമുള്ള ആളുകൾ ഒന്നിക്കണം. കേരളത്തിലെ സ്ഥിതി അതല്ല. 'നിർണ്ണയം' പോലുള്ള വാരികയെങ്കിലും പക്ഷംപിടിച്ച് ഒന്നും പ്രസിദ്ധീകരിക്കരുതു്.

ജാതിവേണ്ട, മതംവേണ്ട എന്നു്പറയുന്ന രാഷ്ട്രീയ പാർട്ടികൾ, പരാജയം വന്നാൽ അതും അതിലപ്പുറവും വേണമെന്നു വാദിക്കും. ലക്ഷ്യം വോട്ടാണ്. 1970 ൽ വിദ്യാഭ്യാസ മന്ത്രി വിഭാഗീയ ചിന്ത പ്രകടിപ്പിച്ചാൽ കണ്ടില്ലെന്നു നടിച്ച് കണ്ണും പൂട്ടിയിരിക്കുന്നത് തെററല്ലേ? ഈ രാജ്യത്ത് മതത്തിന്റെ പേരിൽ നടക്കുന്ന കൊലപാതകങ്ങൾ കണ്ട് രാഷ്ട്രീയ നേതാക്കളും ഗവർമ്മെണ്ടും കണ്ണട-

---

### ഇന്ത്യയിലെ മുസ്ലീം രാഷ്ട്രീയം (തുടർച്ച)

സ്വാതന്ത്ര്യമുണ്ടാകണം. പക്ഷെ നിയമവ്യവസ്ഥയനുസരിച്ച് പ്രായപൂർത്തിയായശേഷം മാത്രമേ മതത്തിൽ ചേരാൻ അനുവദിക്കാവൂ. തെരുവീഥിയിലെ ഗതാഗതത്തെ ഏതെങ്കിലും ഭർഗയോ ക്ഷേത്രമോ തടസ്സപ്പെടുത്തുന്നുണ്ടെങ്കിൽ അതു് നീക്കം ചെയ്യേണ്ടതാണ്. എല്ലാ മതസ്വത്തുകളിൽ നിന്നുള്ള ആദായത്തിന്മേലും ഗവർമ്മെണ്ടിന്റെ നിയന്ത്രണമുണ്ടായിരിക്കണം. വിദ്യാഭ്യാസത്തിനും പൊതുക്ഷേമത്തിനും മാത്രമേ ഈ ആദായം ഉപയോഗിക്കാവൂവെന്നു വെക്കണം. ആരേയും മതമോ ജാതിയോ പറയാൻ നിർബന്ധിക്കരുതു്. (ഇന്നും വിദ്യാർത്ഥികളുടെ മതമേതെന്നു പറയാൻ നിർബ്ബന്ധിക്കുന്നവയാണ് സ്കൂളുകളിലെ പ്രവേശന ഫാറം.) ബനാറസ്സ്, ആലിഗാർ സർവ്വകലാശാലകളെ ഉന്നത വിദ്യാഭ്യാസത്തിനുള്ള ദേശീയ സ്ഥാപനങ്ങളായി പ്രഖ്യാപിക്കുന്നു. ഈയാവശ്യത്തിനുവേണ്ടി അവരുടെ ഭരണഘടന ഭേദഗതി ചെയ്യേണ്ടതാണ്. കാശ്മീരിനു കൊടുത്തിട്ടുള്ള പ്രത്യേക പദവി എടുത്തു കളയണം. എല്ലാ ഭാരതീയ പൗരന്മാർക്കും നാഗാലാണ്ട് സന്ദർശിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണം. ഉർദുവിന്റെ വികസനത്തിനു അവസരം നൽകുക. ഉർദു വിദ്യാഭ്യാസമാദ്ധ്യമമായി ഉപയോഗിക്കുന്ന സ്കൂളുകൾക്കു പോലും സംരക്ഷണം നൽകുക. എന്നാലും, ഒരു സംസ്ഥാനത്തിലെ രണ്ടാം ഔദ്യോഗിക ഭാഷയെന്ന പദവി ഉർദുവിനു നൽകണമെന്നയാവശ്യത്തെ ശക്തിയായി ചെറുക്കേണ്ടതാണ്. പർദാ സമ്പ്രദായം നിയമം മൂലം നിരോധിക്കണം. ഗോവധ നിരോധ പ്രശ്നം കേവലം രാജ്യത്തിന്റെ സാമ്പത്തികവും കാർഷികവുമായ വികസനത്തെയടിസ്ഥാനമാക്കി തീരുമാനിക്കേണ്ടതാണ്. കുടുംബാസൂത്രണം എല്ലാവർക്കും നിർബ്ബന്ധിതമാക്കേണ്ടതാണ്. ഉദാഹരണത്തിനു മൂന്നാമത്തെ ശിശു ജനിച്ചു കഴിഞ്ഞാൽ ദമ്പതികളിലൊരാളുടെ വന്ധ്യംകരണം നിർബ്ബന്ധമാക്കാവുന്നതാണ്. ഈ പരിഷ്ക്കരണങ്ങളെ എതിർക്കുന്ന മുസ്ളീമുകൾക്കു സമ്പൂർണ്ണ പൗരത്വത്തിനു അവകാശം നൽകരുതു്. അവർക്കു വോട്ടവകാശം നൽകാതിരിക്കാം. ഒരു സാമൂഹ്യക്ഷേമ പദ്ധതിയുടെയും ഗുണമനുഭവിക്കാൻ അവർക്കു അർഹതയുണ്ടാകരുത്. മതത്തിന്റെ കാരണം പറഞ്ഞു് പരിഷ്ക്കരണത്തെ എതിർക്കുന്ന മുസ്ളീമുകളെ സമ്പൂർണ്ണമായി ശാരിയത്ത് നിയമമനുസരിച്ച് കർക്കശമായി ഭരിക്കേണ്ടതാണ്. ഉദാഹരണത്തിനു അവർ കക്കുന്നതു് കണ്ടു് പിടിച്ചാൽ പൊതുസ്ഥലത്തു് വെച്ച് കയ്യ് വെട്ടിക്കളയണം. അവരെന്തെങ്കിലും അസത്യം പറഞ്ഞാൽ പൊതുസ്ഥലത്ത് വെച്ച് ചാട്ടവാർ കൊണ്ടടിക്കണം. മുസ്ളീംസ്ത്രീ ജാരബന്ധം പുലർത്തുന്നതായി കണ്ടുപിടിക്കപ്പെട്ടാൽ പൊതുസ്ഥലത്തു് വെച്ച് കല്ലെറിഞ്ഞു് കൊല്ലണം. ശാരിയത്ത് നിയമം അനുസരിക്കണമെന്നു നിർബ്ബന്ധിക്കുന്നവർ യാഥാസ്ഥിതിക മുസ്ളീമുകൾക്കു വേണ്ടി കുററവും ശിക്ഷയും സംബന്ധിച്ച് ഈ പ്രത്യേക നിയമം ഏർപ്പെടുത്തുന്നത് തീർച്ചയായും അപരിഷ്കൃതമായി കണക്കാക്കുകയില്ലെന്നു ഞാൻ കരുതുന്നു. അങ്ങിനെയാണെങ്കിൽ ശാരിയത്ത് നിയമം ഭാഗികമായി മാത്രം നടപ്പാക്കണമെന്നു വാദിക്കരുതു്.

ഇന്ത്യയിലെ വർഗീയ പ്രശ്നത്തിനുള്ള ഏക പരിഹാരം ഇന്ത്യയിലെ എല്ലാ ജനങ്ങളുടേയും മതേതരമായ ഉൽഗ്രഥനമാണ്. ഈ കാഴ്ചപ്പാടിൽ പ്രശ്നത്തെ കണ്ടാൽ വിശാല വീക്ഷണമുള്ള മുസ്ലീം ആധുനികത ശക്തിപ്പെടും. ഇന്നു മുസ്ലീമുകൾക്കിടയിൽ പ്രബലമായ നവീകരണ പ്ര-

ച്ചിരുന്നാൽ സ്വന്തം ശവക്കുഴി തോണ്ടുകയായിരിക്കും ഫലം.

'ഇന്ത്യയിലെ മുസ്ലീം രാഷ്ട്രീയം' ഇത്തിരി ചിന്താക്കുഴപ്പമുണ്ടാക്കിയിരിക്കുന്നു.

സി. ദേവകി
വൈക്കം.

x x x x

## അഡ്ഹോക്ക് കമ്മററി കൂട്ടിക്കളി അവസാനിപ്പിക്കണം

ഉപതെരഞ്ഞെടുപ്പുകളിൽ കെ. പി. സി സി. അഡ്ഹോക്ക് കമ്മിററി അനുവർത്തിയ്ക്കുന്നതായി അവകാശപ്പെടുന്ന തന്ത്രം പുരോഗമന വാദികളിൽ മ്ലാനതയുണ്ടാക്കിയിട്ടുണ്ട്. അവിഭക്ത കോൺഗ്രസ്സ് അനുവർത്തിച്ചിരുന്ന അതേ നയം, ''മാർക്സിസ്റ്റ് വിരുദ്ധത'' തന്നെയാണ് കേരളത്തിൽ കോൺഗ്രസ്സും പിന്തുടരുന്നത്. മാർക്സിസ്റ്റ്കാരെ പരാജയപ്പെടുത്തുന്നതിൽ പുതുമയൊന്നുമില്ല. നയപരിപാടികളിൽ എന്തെങ്കിലും മാററമുണ്ടായിട്ടുണ്ടെങ്കിൽ കോൺഗ്രസ്സ് കുറെ പുറകോട്ടു പോയിട്ടുണ്ടെന്നതു മാത്രമാണത്. പാർട്ടിയുടെ അണികളിൽ നിന്നുള്ള സമ്മർദ്ദത്തേക്കാൾ ഇന്ന് കോൺഗ്രസ്സ് നേതൃത്വത്തെ നിയന്ത്രിക്കുന്നതു് പാർട്ടിക്കു പുറത്തു് നിന്നുണ്ടാകുന്ന സമ്മർദ്ദമാണ്. വർഷങ്ങൾക്കു മുമ്പുതന്നെ കോൺഗ്രസ്സ് വിട്ടുപോയ പിന്തിരിപ്പൻ ശക്തികൾ ഇന്നു കോൺഗ്രസ്സിനെ സ്വാധീനിയ്ക്കുന്നുണ്ട്. ഭാവനാസമ്പന്നരും ദീർഘ ദർശനമുള്ളവരുമായ പുരോഗമനവാദികളെ അകററിനിർത്താൻ നേതൃത്വം വ്യഗ്രത കാണിക്കുന്നതു് ഈ പിന്തിരിപ്പന്മാരെ തൃപ്തിപ്പെടുത്താൻ വേണ്ടി മാത്രമാണ്.

നിലമ്പൂരിലും കൊട്ടാരക്കരയിലും ഭരണകക്ഷികൾക്കും അവരുടെ ക്ഷേത്രപാലക ജോലിചെയ്യുന്ന കോൺഗ്രസ്സിനും ഉണ്ടായ നേട്ടം പൊക്കിപ്പിടിച്ച് തങ്ങളുടെ തന്ത്രത്തിൻെറ മഹത്വംവാഴ്ത്തുന്നുണ്ടാകും നേതൃത്വം. നിലമ്പൂരിൽ ഭരണകക്ഷിക്കാരുടെ സഹായമില്ലാതെ തന്നെ കോൺഗ്രസ്സിന് വിജയിക്കാമായിരുന്നു. കോൺഗ്രസ്സ് സ്വന്തം കുപ്പായവും കൊടിയും മാററി ഭരണമുന്നണിക്കാരുമായി ധാരണ(തെററിദ്ധാരണ എന്നാവും കൂടുതൽ ശരി) യുണ്ടാക്കിയില്ലായിരുന്നു എങ്കിൽ മാർക്സിസ്റ്റ് വിരുദ്ധത ഒട്ടും കുറവല്ലാത്ത കുറുമുന്നണിയ്ക്കു് അവിടെ സ്ഥാനാർത്ഥിയെ നിർത്തി മത്സരിയ്ക്കേണ്ടി വരുമായിരുന്നു. സ്വാഭാവികമായും ലീഗിൻെറ സ്ഥാനാർത്ഥി അവിടെ ഉണ്ടാകുമായിരുന്നു. ഈ പരിതസ്ഥിതിയിൽ കോൺഗ്രസ്സിനു് യാതൊരു പ്രയാസവും കൂടാതെ ജയിയ്ക്കാമായിരുന്നു. കൊട്ടാരക്കരയിലും ഇതേ തന്ത്രം അനുവർത്തിക്കുകയും മാർക്സിസ്റ്റുകാരുടെ പിന്തുണ നേടി സ്വന്തം സ്ഥാനാർത്ഥിയെ നിർത്തി മത്സരിപ്പിക്കുകയും ചെയ്തിരുന്നെങ്കിൽ അച്ചുതമേനോൻ മുഖ്യമന്ത്രിയായി തുടരുന്ന ഗതികേട് കേരളീയർക്കു സഹിക്കേണ്ടി വരുമായിരുന്നില്ല.

ഇനിയെങ്കിലും ഭൂരിപക്ഷം ജനങ്ങളുടെ പിന്തുണയില്ലാത്ത കുറുമുന്നണിയെ താങ്ങുന്ന നാണംകെട്ട നഷ്ടക്കച്ചവടം അഡ്ഹോക്ക് കമ്മിററി നേതൃത്വം ഉപേക്ഷിക്കണം. ജനസ്വാധീനമുള്ള രണ്ടു പാർട്ടികൾ മാർക്സിസ്റ്റ് പാർട്ടിയും കോൺഗ്രസ്സും പുറത്തുനിൽക്കുമ്പോൾ കേവലം ഇരുപതു ശതമാനത്തിൽ താഴെമാത്രം ജനപിന്തുണയുള്ള കുറുമുന്നണിക്കാർ ഭരണത്തിൽ തുടരുന്ന വിരോധാഭാസം അവസാനിപ്പിയ്ക്കാൻ കോൺഗ്രസ്സ് തന്നെ മുൻകയ്യെടുക്കണം. എൺപതു ശതമാനത്തെ ഇരുപതു ശതമാനം കയറി ഭരിച്ചു കയർക്കുന്നതു് കേരളത്തിലല്ലാതെ മറെറവിടെ നടക്കും? ഈ ഗതികേടിൻെറ ഉത്തരവാദികൾ ഇന്ന് കോൺഗ്രസ്സാണ്. സമീപഭാവിയിൽ മാർക്സിസ്റ്റ്കാരുമായി ധാരണയോ ഐക്യമോ ഉണ്ടാക്കിയാൽ ഇന്നത്തെകുറുമുന്നണി എന്ന ക്ഷുദ്രകക്ഷികളെ ഒന്നാകെ കേരള രാഷ്ട്രീയത്തിൽ നിന്നും തുടച്ചു മാററാൻ കഴിയും. അതോടെ മന്ത്രിസഭകളുടെ അസ്ഥിരതയും. ഇനിയും ദീർഘ വീക്ഷണമില്ലാതെ നയങ്ങൾ രൂപീകരിച്ച് അണികളിലുള്ളവരെ കഷ്ടപ്പെടുത്തുന്ന ചതിവ് നിർത്തണം. നേതൃത്വം ഈ നിലയ്ക്കാണ് നീങ്ങുന്നതെങ്കിൽ നാളെ എം. എനോ കെ. എം. ജോർജ്ജോ അഡ്ഹോക്ക് കമ്മിററി യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കില്ലെന്നാരു കണ്ടു? രാഷ്ട്രീയ വിജ്ഞാനം തൊട്ടുതീണ്ടിട്ടില്ലാത്ത ഏതാനും പിള്ളേരും അവരുടെ നേതാവായിത്തീർന്നിട്ടുള്ള വിശ്വനാഥനും കൂടി കളിയ്ക്കുന്ന ഈ കളി അഡ്ഹോക്ക് കമ്മിററിയിലെ അനുഭവ സമ്പന്നതയുള്ള അംഗങ്ങൾ ചെറുക്കുക തന്നെ വേണം.

ഒരു യൂത്തു് കോൺഗ്രസ്സ് പ്രവർത്തകൻ,
പി. ഒ. അഴീക്കോട്ട്
കൊടുങ്ങല്ലൂർ.

## ഇന്ത്യയിലെ മുസ്ലീം രാഷ്ട്രീയം (തുടർച്ച)

സ്ഥാനം ആവിർഭവിക്കാൻ തക്കസാഹചര്യങ്ങളുണ്ട്. മുസ്ലീമുകൾ അധികാരം ഇപ്പോൾ അനുഭവിക്കുന്നില്ല. അധികാരമില്ലാത്ത മുസ്ലീം യാഥാസ്ഥിതികത്വം വിഷസഞ്ചിയില്ലാത്ത സർപ്പത്തെപ്പോലെയാണ്, വാലുമാത്രമേ ആടിക്കൊണ്ടിരിക്കുകയുള്ളു. ഭാവിയിൽ നമുക്കു് ഹിന്ദു-മുസ്ലീം പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യേണ്ട. പൊതുവായ സിവിൽകോഡിനെക്കുറിച്ച് ചർച്ചനടത്താം. അതിനുവേണ്ടി ഒരു പ്രസ്ഥാനം ആരംഭിക്കാം.

ഇതെല്ലാം സംഭവിക്കണമെങ്കിൽ ഹിന്ദുക്കൾക്കിടയിൽ ഇന്നുള്ള ഭിന്നിപ്പ് അവസാനിക്കേണ്ടിയിരിക്കുന്നു. മുസ്ലീം വർഗീയതയെ എതിരിടണമെന്നു ആഗ്രഹിക്കുന്ന ഹിന്ദുക്കൾ നിർഭാഗ്യവശാൽ ഹിന്ദു പുനരുദ്ധാരണത്തെ ബലപ്പെടുത്തുന്നു. ഹിന്ദുക്കളെ നയിക്കുകയും അവസാനത്തിൽ ഈ രാഷ്ട്രത്തെയൊന്നാകെ ആധുനികതയുടെ മാർഗ്ഗത്തിലൂടെകൊണ്ടുപോകുകയും ചെയ്യണമെന്നാഗ്രഹിക്കുന്ന ഹിന്ദുക്കളാകട്ടെ, നിർഭാഗ്യവശാൽ മുസ്ലീം വർഗീയ വാദികൾക്കു പിന്തുണ നൽകുകയാണ്. ഈ നില മാറിയേതീരൂ. മുസ്ലീം വർഗീയതയെ എതിർക്കുന്ന എല്ലാ ഹിന്ദുക്കളുടേയും കൂടെ ഞാനുണ്ട്. പക്ഷെ അതോ ഹിന്ദുക്കൾ തന്നെ ഹിന്ദുപുനരുദ്ധാരണത്തെ സഹായിക്കുമ്പോൾ ഞാൻ എതിർക്കും. ഹിന്ദുക്കളെ നവീകരിക്കാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും ഞാൻ പിന്തുണ നൽകുന്നു, പക്ഷെ അവർ മുസ്ലീം വർഗീയതയെ എതിർക്കാതെയിരിക്കുകയെന്ന നയം സ്വീകരിക്കുമ്പോൾ അവരെ ഞാൻ എതിർക്കുന്നു ഹിന്ദുക്കൾ മാനസികമായി ശരിയായ സമനില പാലിച്ചാൽ ഇന്നത്തെ സംഘർഷാവസ്ഥക്ക് ഉടനെ തന്നെ അയവുണ്ടായിത്തുടങ്ങുമെന്നു ഞാൻ വിശ്വസിക്കുന്നു.

(അടുത്ത ലക്കത്തിൽ അവസാനിക്കും)

# മുസ്ലിം ലീഗ് സമ്മേളനം

പാലക്കാട്ട് വെച്ച് നടന്ന സംസ്ഥാന മുസ്ലീം ലീഗ് സമ്മേളനം പാസ്സാക്കിയ പ്രമേയങ്ങളും സമ്മേളനത്തിൽ മുസ്ലീം ലീഗ് നേതാക്കൾ ചെയ്ത പ്രസംഗങ്ങളും രാജ്യസ്നേഹികളെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്. മുസ്ലീം ലീഗ് ഇന്നു കേരളം ഭരിക്കുന്ന കുറുമുന്നണിയിൽ സജീവപങ്കാളിത്വമുള്ള കക്ഷിയാണ്. അതിനാലക്ക് പ്രത്യേകിച്ചും മുസ്ലീം ലീഗിൻെറ അഭിപ്രായങ്ങളെക്കുറിച്ച് കേരളീയർ പരിഗണിക്കണം.

ഇസ്ലാമിക സംസ്കാരത്തിനു അടിസ്ഥാന പരമായ ശരിയത്ത് നിയമം ഭേദഗതി ചെയ്യാനും ഒരു ഏകികൃത സിവിൽ കോഡ് രൂപീകരിക്കാനും ചില ദേശീയ നേതാക്കൾ നൽകിയ ആഹ്വാനമാണ് ഭാരതവൽക്കരണം പോലുള്ള അപകടം പിടിച്ച മുറവിളിക്കു കാരണ'മെന്നു് മുസ്ലീം ലീഗ് സമ്മേളനം പാസ്സാക്കിയ പ്രമേയത്തിൽ പറഞ്ഞിരിക്കയാണ്. ഇന്ത്യയിലെ ജനങ്ങളിൽ വിഭാഗീയത പ്രവണത വളർത്തുന്നതും എട്ടു കോടിയോളം വരുന്ന മുസ്ലീമുകളെ എന്നും പഴഞ്ചത്തത്തിൽ ആഴ്ത്തുന്നതിനു ഇടയാക്കുന്നതുമാണ് ഈ പ്രമേയമെന്നു പ്രത്യക്ഷത്തിൽ തന്നെ വ്യക്തമാകുന്നുണ്ട്.

പൊതുവെ ഭാരതീയ സംസ്കാരത്തിൽ നിന്നും വ്യതിരിക്തമായി ഒരു ഇസ്ലാമിക സംസ്കാരമുണ്ടെന്നാണ് മുസ്ലീം ലീഗ് പറയുന്നത്. ആ ഇസ്ലാമിക സംസ്കാരം ലോകത്തെമ്പാടുമുള്ള മുസ്ലീമുകൾക്കു പൊതുവായുള്ളതാണോ എന്നു പ്രമേയത്തിൽ നിന്നു വ്യക്തമല്ല. പക്ഷേ ഇസ്ലാംമതത്തിൽപ്പെട്ടവർക്കെല്ലാം പൊതുവായി ഒരു ഇസ്ലാമിക സംസ്കാരമുണ്ടെന്നാണ് മുസ്ലീം ലീഗ് പറയുന്നതെന്നു കരുതാം. അങ്ങിനെയാണെങ്കിൽ സൌദിഅറേബിയായിലേയും ഈജിപ്റ്റിലേയും പാക്കിസ്ഥാനിലേയും ഇൻറാണേഷ്യയിലെയും മുസ്ലീമുകൾക്കും ഇന്ത്യയിലെ മുസ്ലീമുകൾക്കും പൊതുവായുള്ള സംസ്കാരത്തെപ്പററിയാണോ മുസ്ലീംലീഗ് പറയുന്നതെന്നു ചോദ്യമുണ്ടാകാം.

ഒന്നാമതായി ലോകത്തെമ്പാടുമുള്ള മുസ്ളീമുകൾക്കു പൊതുവായുള്ള ഒരു ഇസ്ളാമിക സംസ്കാരമല്ല. സൌദി അറേബിയയിൽ ഇന്നും ശരിയത്ത് നിയമമനുസരിച്ചും മററുമുള്ള പല മദ്ധ്യകാലചട്ടങ്ങൾ നിലവിലുണ്ട്. എന്നാൽ ഈജിപ്റ്റിലേയും ഇന്തോനേഷ്യയിലേയും സ്ഥിതി അതല്ല. അവിടങ്ങളിൽ ശരിയത്ത് നിയമമനുസരിച്ചല്ല ഭരണം നടക്കുന്നത്. പരിഷ്കൃത രാജ്യങ്ങളെ പോലെയുള്ള നിയമവ്യവസ്ഥകളാണ് അവിടെയുള്ളത്. മാത്രമല്ലാ ഇന്ത്യയിലേയും പാക്കിസ്ഥാനിലേയും മുസ്ളീം ലീഗുകാരിൽ നിന്നു വ്യതിരിക്തമായി ഇന്തോനേഷ്യയിലെ മുസൽമാൻമാർ അവരുടെ രാജ്യത്തിൻെറ പാരമ്പര്യങ്ങളിൽ അതീവ അഭിമാനമുള്ളവരാണ്. രാമായണത്തെയും ഭാരതത്തേയും അടിസ്ഥാനമാക്കിയുള്ള കലാപ്രകടനങ്ങളിലും മററും അവിടത്തെ മുസ്ളീമുകൾ അഭിമാനത്തോടെ പങ്കെടുക്കുന്നു. ഈയിടെ ഭഗവത് ഗീതയുടെ ഒരു പുതിയ പതിപ്പ് ജനറൽ സുഹർത്തോവിൻെറ അവതാരികയോടുകൂടി ഇന്തോനേഷ്യയിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഇന്തോനേഷ്യയുടെ വിമാന സർവ്വീസിൻെറ പേരുപോലും ഗരുഡ എന്നാണ്.

ഇതൊക്കെ ഇസ്ളാമിക സംസ്കാരമാണെന്നു ഇന്ത്യയിലെ മുസ്ളീംലീഗുകാർ കരുതുന്നുണ്ടോ എന്നു അറിഞ്ഞുകൂടാ. പോകട്ടെ-ഇന്ത്യയിലെ തന്നെ എല്ലാ മുസ്ളീമുകൾക്കും പൊതുവായ ഇസ്ളാമിക സംസ്കാരമാണോ ഉള്ളത്? മുസ്ളീംലീഗ് പ്രസിഡൻറ് മുഹമ്മദ് ഇസ്മെയിലിനും കേരള മന്ത്രി സി. എച്ച് മുഹമ്മദ കോയക്കും ഒരേ ഇസ്ളാമിക സംസ്കാരമാണോ ഉള്ളത്? ഭാഷയിലും ഉടുപ്പിലും നടപ്പിലുമെല്ലാം ഇന്ത്യയിലെ മുസ്ളീമുകൾക്കിടയിൽ തന്നെ മററു ഇന്ത്യക്കാരിലേതു പോലെ എത്രയോ വ്യത്യാസങ്ങളുണ്ട്.

ഇങ്ങനെ ഇല്ലാത്ത ഒരു ഇസ്ളാമിക സംസ്കാരത്തെ സൃഷ്ടിക്കാനും അതിനു അടിസ്ഥാനമായ ശരിയത്ത് നിയമം ഭേദഗതി ചെയ്യരുതെന്നു പറയാനും മുസ്ളീംലീഗിനെ പ്രേരിപ്പിച്ച ചേതോ വികാരം പഴയ വിഭാഗീയ പ്രവണത തന്നെയായിരിക്കണം. ശരീയത്ത് നിയമം ഭേദഗതി ചെയ്യാനും ഏകീകൃത സിവിൽ കോഡ് രൂപീകരിക്കാനും ചില ദേശീയ നേതാക്കൾ നൽകിയ ആഹ്വാനം ഭാരത വൽക്കരണം പോലുള്ള അപകടം പിടിച്ച മുറവിളിക്കു ഇടയാക്കിയെന്നാണ് മുസ്ളീംലീഗിൻെറ ആക്ഷേപം. അങ്ങിനെയാണെങ്കിൽ മുസ്ളീംലീഗ് ആദ്യമായി ഇന്ത്യയുടെ ഭരണഘടനക്കെതിരായി ആക്ഷേപമുന്നയിക്കേണ്ടതായിരുന്നു. ഏകീകൃത സിവിൽ കോഡ് ഉണ്ടാക്കണമെന്നു ഭരണഘടനയാണ് ആഹ്വാനം ചെയ്തിരിക്കുന്നത്.

## പൊതുവായ വ്യക്തിനിയമം

ഭരണ ഘടനയുടെ നാലാം അദ്ധ്യായത്തിൽ ഗവർമ്മെണ്ടിൻെറ നയ പരിപാടികൾക്കു അടിസ്ഥാനമായിരിക്കേണ്ടുന്ന ചില നിർദ്ദേശിക തത്വങ്ങളെപ്പററി പറയുന്നുണ്ട്. ഭരണഘടനയുടെ 44-ാം ഖണ്ഡിക പറയുന്നു. 'ഇന്ത്യയുടെ അതിർത്തിക്കുള്ളിൽ നിവസിക്കുന്ന എല്ലാ പൌരന്മാർക്കും ബാധകമായ ഐക്യ രൂപ്യമുള്ള സിവിൽ കോഡ് നിർമ്മിക്കാൻ ഗവർമ്മെണ്ട് പരിശ്രമിക്കേണ്ടതാണ്' ഭരണഘടന ഈ പറയുന്നത് ദേശീയ നേതാക്കൾ ആവർത്തിച്ചത് മുസ്ളീംലിഗിനു അപകടകരമായിത്തോന്നുന്നുണ്ടെങ്കിൽ അത് രാജ്യത്തിനു അപകടകരമാണ്. ഈ രാജ്യത്തെ പുരോഗതിയിലേക്കു നയിക്കണമെന്നാഗ്രഹിക്കുന്ന ആർക്കും തന്നെ എട്ടു കോടിയോളം വരുന്ന മുസാളീമുകളെ പഴഞ്ചൻ വ്യക്തിനിയമങ്ങൾക്കു എറിഞ്ഞുകൊടുക്കാൻ പററില്ലെന്നും മുസ്ളീംലീഗിലനെ മനസ്സിലാക്കിക്കൊടുക്കേണ്ടിയിരിക്കുന്നു.

പിന്നെ, ഭാരതവൽക്കരണം പോലുള്ള അപകടം പിടിച്ച മുറവിളിക്കുന്നതാണത്രെ ശരിയത്ത് നിയമം ഭേദഗതി ചെയ്യണമെന്ന വാദം. ഭാരതവൽക്കരണം വേണമെന്നു പറയുന്നവരോട് മുസ്ളീംലീഗിനു ഇത്രക്കു ശത്രുതയുണ്ടെങ്കിൽ ആദ്യം കർദ്ദിനാൾ പാറേക്കാട്ടിലിനെയാണ് എതിർക്കേണ്ടിയിരുന്നത്. അദ്ദേഹമാണ് മതാചാരങ്ങളിൽ വരെ ഭാരതവൽക്കരണം വേണമെന്നു പ്രചരിപ്പിച്ചു നടക്കുന്നത്.

ഭരണഘടനയിലെ നിർദ്ദേശക തത്വങ്ങൾക്കെതിരായി പ്രമേയം പാസ്സാക്കിയെങ്കിലും സംസ്ഥാന മുസ്ളീംലീഗ് പ്രസിഡൻറ് ബാഫക്കി തങ്ങൾ പറയുന്നത് 'ഭാരതത്തിൻെറ ഭരണഘടനക്കു വിധേയമായി മാത്രമേ ലീഗ് പ്രവർത്തിക്കുകയുള്ളു!'വെന്നാണ്. (ദീപിക ഏപ്രിൽ 29 നു- ബുനാഴ്ച) ഭാരതത്തിലുള്ള 8 കോടി മുസ്ളീമുകൾ യഥാർത്ഥത്തിൽ 8 കോടി പട്ടാളക്കാരാണ്. ഇസ്ളാം മതത്തിനെതിരായി പ്രവർത്തിക്കുന്നവരുടെ നേരെ വേണ്ടിവന്നാൽ അവർ തിരിഞ്ഞുനിൽക്കും. ഭാരതം

## മുസ്‌ലിംലീഗ് സമ്മേളനം (തുടർച്ച)

ഒരു മതേതര രാജ്യമാണെന്നു പറയപ്പെട്ടുന്നുണ്ടെങ്കിലും അതൊരിക്കലും നടപ്പാകാൻ പോകുന്നില്ല. എട്ടു കോടി മുസ്ലീമുകൾ പട്ടാളക്കാരാണെങ്കിൽ പിന്നെ ബാഫക്കി തങ്ങൾക്ക് ആർ. എസ്സ്. എസ്സ്.കാർ ബാഫക്കിയുടെ പട്ടാളത്തെ എതിരിടാൻ തയാറെടുക്കുകയാണെന്നെന്തിനാണ് പറയുന്നത്.

ഇസ്‌ലാം മതത്തിനെതിരായി പ്രവർത്തിക്കുന്നവരുടെ നേരെ വേണ്ടിവന്നാൽ അവർ തിരിഞ്ഞു നിൽക്കുമത്രെ. ആരാണ് ഇസ്‌ലാം മതത്തിനെതിരായി പ്രവർത്തിക്കുന്നവർ എന്നു തങ്ങൾ പറഞ്ഞിട്ടില്ല. ഒരു പക്ഷെ ഭാരതം മതേതര രാജ്യമാണെന്നു പ്രചരിപ്പിക്കുകയും അതിനുവേണ്ടി വാദിക്കുകയും ചെയ്യുന്നവർ ബാഫക്കിയുടെ ദൃഷ്ടിയിൽ ഇസ്‌ലാം മതത്തിനെതിരായി പ്രവർത്തിക്കുന്നവരാകണം. ഇന്ത്യ ഹിന്ദുരാഷ്ട്രമാണെന്നു വാദിക്കുന്നവരായിക്കണം അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ. അതുകൊണ്ടാണല്ലോ ഇന്ത്യയിലൊരിക്കലും മതേതരത്വം നടപ്പാക്കാൻ പോകുന്നില്ലെന്നു ബാഫക്കി പറയുന്നത്. ഇപ്പോഴും വിഭജനത്തിനു മുമ്പുള്ള ചിന്താഗതി തന്നെയാണ് ബാഫക്കിത്തങ്ങൾക്കും കൂട്ടർക്കും ഉള്ളതെന്നു കാണാൻ ഇതിൽ കൂടുതൽ വല്ല തെളിവും വേണമോ. ഇന്ത്യയിൽ മതേതരത്വം നടപ്പാകുകയില്ലെന്നു ബാഫക്കി പറയുന്നതിന്റെയർത്ഥം ഇന്ത്യ മുസംലീമുകളെന്നും ഹിന്ദുക്കളെന്നുമുള്ള രണ്ട് രാഷ്ട്രങ്ങൾ കൂട്ടിച്ചേർത്തതാണെന്നു തന്നെയല്ലേ? ജിന്നയുടെ വാദം തന്നെയല്ലേ ഇത്?

സോഷ്യലിസവും ജനാധിപത്യവും മതേതരത്വവുമാണ് കോൺഗ്രസ്സിന്റെ അടിസ്ഥാനതത്വങ്ങളെന്നും ഈ തത്വങ്ങളുമായി യോജിക്കുന്നവർ ചേർന്നു സോഷ്യലിസ്റ്റ് ജനമുന്നണിയുണ്ടാക്കുമെന്നും പറയുത്ത് കോൺഗ്രസ്സ് അഡ്ഹോക്ക് കമ്മിററിക്കാരു ബാഫക്കിയുടെ അഭിപ്രായങ്ങൾ ശ്രദ്ധിച്ചാൽ നന്നായിരുന്നു. ബഫാക്കിക്കും മുസ്‌ലീം ലീഗിനും ഇന്ത്യ മതേതര രാജ്യമാണെന്നോ എന്നെങ്കിലും അങ്ങിനെ ആയിത്തീരുമെന്നോ വിശ്വാസമില്ല. അപ്പോൾ പിന്നെ കേൺഗ്രസ്സുകാരുടെ സോഷ്യലിസ്റ്റ് ജനമുന്നണിയിൽ മുസ്‌ലീം ലീഗിനു സ്ഥാനം നൽകാൻ കോൺഗ്രസ്സിന്റെ അഡ്ഹോക്ക് കമ്മിററി നേതാക്കൾക്കു എങ്ങിനെ കഴിയും. മതേതരത്വത്തോട് ആത്മാർത്ഥതയുണ്ടെങ്കിൽ മുസ്‌ലീം ലീഗ് നേതാവിന്റെ ഈ പ്രസ്താവനയെ എതിർക്കാൻ യൂത്ത്കോൺഗ്രസ്സ് നേതാക്കളെങ്കിലും ധൈര്യം കാണിക്കേണ്ടതായിരുന്നു.

### ന്യൂനപക്ഷം ഭൂരിപക്ഷമാകണോ?

മുസ്‌ളീംലീഗിന്റെ അഖിലേന്ത്യാ പ്രസിഡൻറ് മുഹമ്മദ് ഇസ്മെയിലിന്റെ പ്രസംഗങ്ങളാണ് ഇതിലേറെ വിചിത്രമായിട്ടുള്ളത്. ഒരു പ്രത്യേക സംസ്കാരവും ആചാരവും നിലവിലുള്ള വിഭിന്നങ്ങളായ സമൂഹങ്ങളെ പുനസ്സംഘടിപ്പിച്ച് അവർക്കു തൃപ്തികരമായ നിലനില്പുണ്ടാക്കേണ്ടതു് അത്യാവശ്യമാണെന്നു, അദ്ദേഹം പറയുന്നു. മതത്തിന്റെ പേരിൽ വിഭിന്ന സംസ്കാരവും വിഭാഗീയതയും വളർത്താനുള്ള ഉദ്യമം തന്നെയാണിത്. അദ്ദേഹം തുടർന്നു പറഞ്ഞിരിക്കയാണ് "എട്ടു കോടി മുസ്‌ളീമുകൾ ഉണ്ടായിട്ട് ഇന്നും ന്യൂനപക്ഷമായതു കൊണ്ട് അവഗണനയനുഭവിക്കുകയാണെന്നു". മുസ്‌ളീംലീഗ് പ്രസിഡൻറിന്റെ ചിന്താഗതി പോകുന്നത് നോക്കണം. ന്യൂനപക്ഷമായതാണത്രെ അവഗണനക്കു കാരണം. അങ്ങിനെയാങ്കിൽ അവഗണനയവസാനിപ്പിക്കുന്നതിനു സ്വയം ഭൂരിപക്ഷമാകുകയല്ലാതെ പോംവഴിയില്ലെന്നല്ലേ മുഹമ്മദ് ഇസ്മെയിൽ പറയുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അവഗണനയവസാനിപ്പിക്കാൻ ന്യൂനപക്ഷമല്ലാതാകുക മാത്രമാണ് പോം വഴി. അതായതു് ഹിന്ദുക്കളെ കൂടി ഇസ്‌ളാമിലേക്കു മതപരിവർത്തനം ചെയ്യിക്കാത്തിടത്തോളം കാലം ന്യൂനപക്ഷമായ മുസ്‌ളീമുകൾക്കു അവഗണനയനുഭവിക്കേണ്ടിവരുമെന്നാണ് അദ്ദേഹം അനുയായികൾക്കു നൽകുന്ന ഉപദേശം. മദ്ധ്യകാലത്തിനുപോലും പഴഞ്ചനാണ് മുഹമ്മദ് ഇസ്മെലിന്റെ ചിന്താഗതിയെന്നു പറയേണ്ടതില്ലല്ലോ. എന്നിട്ടും നമ്മുടെ മതേതരക്കാരും യുക്തവാദികളും ഇടതുപക്ഷ

---

## എഴുതാപ്പുറം 6–ാംപേജ് (തുടർച്ച)

പത്തുരൂപവിലയുള്ള സ്മരക ഗ്രന്ഥം കുററിപ്പുഴകൃഷ്ണ പിള്ള മുണ്ടാശ്ശേരിക്കു സമ്മാനിച്ചു.

വെൺമണി സ്കൂളിൻ പയററിയവരിൽ മുമ്പനെന്നും ലളിതമനോഹരമായ ഭാഷശൈലിയിൽ കവിതയെഴുതിയ ആളെന്നും, മുണ്ടശ്ശേരിപറഞ്ഞതുകൊണ്ട് തൃപ്തിപ്പെടാമെന്നും പിടി കിട്ടാത്ത ഭാതൃഹത്തേയും ദുസ്പർശയേയും വിട്ടുകളയാമെന്നും പത്രലേഖകർ നിശ്ചയിച്ചിരിക്കുകയായിരുന്നു അപ്പോഴാണ് വീണ്ടും കുഴപ്പം സുകുമാർ അഴീക്കോട് പ്രസംഗിയ്ക്കാൻ തുടങ്ങി.

സാഹിത്യത്തെ പ്രസ്ഥാനമാക്കി തരം തിരിക്കുന്നതിനെതിരായി അദ്ദേഹം ക്ഷോഭിച്ചു. മുണ്ടശ്ശേരി പറഞ്ഞതുപോലെ, വെൺമണി പ്രസ്ഥാനക്കാരൻ എന്നു ശീവൊള്ളിയെപ്പററി പറയുന്നതു് തെററാണെന്നു സുകുമാരൻ പറഞ്ഞു. കുഴഞ്ഞല്ലോ? 'വെൺമണി സ്കൂളിൽ പയററിയ ശീവൊള്ളിയെന്നു മുണ്ടശ്ശേരി ആവർത്തിച്ചു പറഞ്ഞിട്ടും സുകുമാരൻ പറയുന്നതു് മുണ്ടശ്ശേരി ശീവൊള്ളിയെ പ്രസ്ഥാനക്കാരനാക്കിയില്ലെന്നാണ്. ശീവൊള്ളി ലളിതമനോഹരമായ ഭാഷാശൈലിയിൽ കവിതയെഴുതിയതിനെപ്പററി സംസ്കൃതബഹുലമായ ശൈലിയിൽ സുകുമാരനും സൂചിപ്പിക്കാതിരുന്നില്ല.

ആ ശബ്ദകോലാഹലം നിലച്ചപ്പോൾ എം. ലീലാവതിയുടെ അതിവേഗത്തിലുള്ള പ്രസംഗം തുടങ്ങി. മലയാളഭാഷ പാളം തെററുമ്പോൾ നേർവഴിക്കു വലിച്ചിട്ട ചെറുശ്ശേരിയുടെയും കുഞ്ചൻനമ്പ്യാരുടേയും കൂട്ടത്തിൽ ഒരിടത്ത് ലീലാവതി ശീവൊള്ളിക്കും സ്ഥാനം നൽകി.

ലീലാവതി പ്രസംഗിച്ചു തീർന്നപ്പോൾ സുകുമാരൻ പറഞ്ഞയൊരു കാര്യം ഓർത്തു. ജോനകരെസ്വന്തമായി കാണുകയും ജോനകരെക്കുറിച്ച് കവിതയെഴുതുന്നത് ദോഷകരമല്ലെന്നു കാണിക്കുകയും ചെയ്ത ശീവൊള്ളി എന്ന നമ്പൂതിരി സാഹിത്യത്തിലെ വിപ്ളവകരമായ പരിവർത്തനത്തിന്റെ അത്യന്തം ലളിതമായ ഉദാഹരണമാണ്" വട്ടത്താടിക്കാരനായ ജോനകനെക്കുറിച്ച് കവിതയെഴുതിയ വിപ്ളവകാരി ശീവൊള്ളിയുടെ ശതാബ്ദിയാഘോഷത്തിൽ പ്രസംഗിക്കാൻ വേണ്ട കവിത വായിക്കാൻ ഒരു ജോനകനെയെങ്കിലും വിളിക്കാഞ്ഞത് കഷ്ടമായി. സാഹിത്യസമ്മേളനമാണെങ്കിലും സാമുദായിക പ്രാതിനിധ്യം കൊടുത്തു്, അക്കാഡമി വൈസ് ചെയർമാൻ പി. എ. സെയ്തുമുഹമ്മദിനെ പ്രസംഗിക്കാൻ ക്ഷണിക്കേണ്ടതായിരുന്നു.

എഫ്. എ. സി. ടി. പബ്ളിക്ക് റിലേഷൻസ് ഡയറക്ടർ മാത്രമല്ലാ സാഹിത്യകാരൻ കൂടിയായ ഒ. പി. ജോസഫ് നന്ദിപറഞ്ഞതോടെ സമ്മേളനം സമാപിച്ചു.

പിന്നെ കൂടിയാട്ടമാണ് നടന്നത്.

രാഷ്ട്രീയക്കാരും ഈ പഴഞ്ചൻ ചിന്താഗതി പ്രചരിപ്പിക്കുന്നതിനെതിരെ ഒരക്ഷരം പോലും ശബ്ദിക്കാത്തതാണ് അത്ഭുതം.

മുസ്ലീമുകളോടുള്ള അവഗണനക്കു ഉദാഹരണമായി മുഹമ്മദ് ഇസ്മെയിൽ ചൂണ്ടിക്കാണിക്കുന്നു. "ഉദാഹരണത്തിനു ഉറുദു ഭാഷ വികസിപ്പിക്കണമെന്ന അവരുടെ ആവശ്യം നിറവേററിയിരിക്കയാണ്" ഉറുദുഭാഷയായുള്ള ഇന്ത്യക്കാർക്കു ആ ഭാഷ പഠിക്കാൻ സൌകര്യം നൽകാത്തതിനെ എല്ലാ ഇന്ത്യക്കാരും ശക്തിയായി എതിർക്കണം. ഉറുദുമാതൃഭാഷയായിട്ടുള്ളവർക്കു ഏററവും ഉന്നത ക്ലാസ്സുകളിൽ വരെ ആ ഭാഷയിൽ വിദ്യാഭ്യാസം ചെയ്യാൻ സൌകര്യമുണ്ടാകണമെന്നും ഈ ലേഖകൻ ശക്തിയായി വാദിക്കുന്നു. പക്ഷെ ഉറുദു ഇന്ത്യയിലെ മുസ്ലീമുകളുടെ എല്ലാം മാതൃഭാഷയാണെന്നും മുസ്ലീമുകളുടെ ഭാഷയാണ് ഉറുദുവെന്നുമാണ് മുഹമ്മദ് ഇസ്മെയിൽ പറയുന്നത്. അത് വകവെച്ചുകൊടുക്കാൻ ഒട്ടും നിർവ്വാഹമില്ല. കേരളത്തിലെ ലീഗ് നേതാക്കളായ ബാഫക്കികും മുഹമ്മദ്കോയക്കും ഉറുദു അറിയാമോ? ഇന്ത്യയിൽ കൊങ്കിണിയെ പോലെയോ മറേറാ ഉള്ള ഒരു ഭാഷ എന്ന നിലയിൽ കവിഞ്ഞു ഉറുദ്വിനോട് പ്രത്യേക പ്രതിപത്തി ഇവർക്കുണ്ടാകുന്നുവെങ്കിൽ എന്തോ സാരമായ രോഗം കാണണം.

'ഇന്ത്യയിലെ ന്യൂനപക്ഷമായ മുസ്ലീമുകൾക്കു അവരുടെ ന്യായമായ അവകാശങ്ങൾ ലഭിക്കുന്നില്ലെന്നും ഉറുദുഭാഷ വികസിപ്പിക്കുന്നില്ലെന്നുമൊക്കെ മുഹമ്മദ് ഇസ്മെയിൽ മുസ്ലീം ലീഗ് സമ്മേളനത്തിൽ ആവലാതിപ്പെടുന്നുണ്ട്. മുസ്ലീമുകളിൽ ഈ ന്യൂനപക്ഷബോധമുണ്ടാക്കാനുള്ള ശ്രമത്തെ അപലപിക്കാതെ തരമില്ല. ഇന്ത്യയിലെ ഭൂരിഭാഗം വരുന്ന ഹിന്ദുക്കളിൽ ഗണ്യമായ വിഭാഗം പിന്നോക്ക സമുദായക്കാരും ഹരിജനങ്ങളുമാണ്. അവരെക്കാൾ അവശതയനുഭവിക്കുന്നവരായി ഇന്ത്യയിൽ ആരുംതന്നെയില്ല. അവരെക്കാൾ കൂടുതൽ പ്രത്യേക പരിഗണന ഇന്ത്യയിൽ ആർക്കും കൊടുക്കേണ്ട കാര്യമില്ല. ഈ ന്യൂനപക്ഷ പ്രചരണം വിദേശങ്ങളിൽ നിന്നു അനുഭവം തട്ടിയെടുക്കുന്നതിനു കരുതിക്കൂട്ടിയുള്ള ശ്രമമല്ലേ എന്നും സംശയിക്കണം. ഇന്ത്യയിലെ മതന്യൂന പക്ഷക്കാരായ' മുസ്ലീമുകളെ ചിലർ അമേരിക്കയിലെ ന്യൂനപക്ഷമായ നീഗ്രോകളോട് താരതമ്യപ്പെടുത്തിപ്പറയാറുണ്ട്. പുരോഗമനക്കാരെന്നഭാവിക്കുന്ന പലരും ഇതു് ആവർത്തിക്കാറുമുണ്ട്. സ്വന്തം രാജ്യത്തിന്റെ ചരിത്രം സ്വന്തം വീക്ഷണത്തിൽ വിലയിരുത്താൻ കഴിവില്ലാത്ത ഇക്കൂട്ടരോട് ചിന്താശക്തി നശിച്ചിട്ടില്ലാത്തവർക്കും സഹതാപമേ തോന്നുകയുള്ളൂ.

അമേരിക്കയിലെ നീഗ്രോകൾ ബലം പ്രയോഗിച്ച് അടിമകളാക്കപ്പെട്ടവരാണ്. വെള്ളക്കാർ നിഗ്രോകളെ ക്രൂരമായി മർദ്ദിച്ചിട്ടുണ്ട്. എന്നാൽ ഇന്ത്യയിലെ മുസ്ളീമുകളുടെ പാരമ്പര്യം അതാണോ? ഭൂരിഭാഗം വരുന്ന ഹിന്ദുക്കളുള്ള ഇന്ത്യാരാജ്യം ആയിരം കൊല്ലത്തിലേറെ ഭരിച്ചത് മുസ്ളീം രാജാക്കന്മാരായിരുന്നു. ഏററവും വലിയ അവകാശം രാഷ്ട്രീയാധികാരമാണെങ്കിൽ അത് ആയിരത്തിലേറെക്കൊല്ലം അനുഭവിച്ചത് മുസ്ളീം രാജാക്കന്മാരല്ലെ? ഈ രാജാക്കന്മാരിൽ പലരും മുസ്ളീമുകൾക്ക് പ്രത്യേകാനുകൂല്യം നൽകിയിരുന്നവരും ചിലരൊക്കെ തനി മതഭ്രാന്തന്മാരും ആയിരുന്നുവെന്ന അനിഷേധ്യ ചരിത്ര വസ്തുത മറന്നു ന്യൂനപക്ഷമെന്ന വാക്കു കേട്ടയുടനെ നീഗ്രോകളുമായി താരതമ്യപ്പെടുത്താൻ ചാടിപ്പുറപ്പെടുന്നവർക്കു വല്ല യുക്തിബോധവുമുണ്ടോ? സ്വതന്ത്ര ഇന്ത്യയിൽ തന്നെ സർദാർ പട്ടേൽസംയോജിപ്പിച്ച നാട്ടു രാജാക്കന്മാരിൽ ഗണ്യമായ വിഭാഗം മുസ്ളീം രാജാക്കന്മാരായിരുന്നുവെന്നും 'ന്യൂനപക്ഷാവശത'യെപ്പററി പരാതിപ്പെടുന്നവർ ഓർക്കേണ്ടതാണ്.

## വിഭാഗീയതയുടെ ഉൽഭവം

സത്യത്തിൽ ചില മുസ്ളീം പ്രമാണിമാർ അനുഭവിച്ചുവന്ന പ്രത്യേകാനുകൂല്യങ്ങൾ നിലനിർത്താൻ വേണ്ടിയാണ് മുസ്ളീംലീഗിന്റെ ദ്വിരാഷ്ട്രവാദവും വിഭാഗീയ ചിന്താഗതിയും ഉൽഭവിച്ചതു തന്നെ. പ്രശ്നത്തെ വസ്തുനിഷ്ഠമായി പഠിക്കണമെന്നാഗ്രഹിക്കുന്നവർ ഉത്തരപ്രദേശിലെ മുസ്ളീം വിഭാഗീയതയെക്കുറിച്ചു് പോൾ ആർ. ബ്രസ്സ് നടത്തിയ പഠനത്തിൽ നിന്നുള്ള നിഗമനങ്ങൾ സശ്രദ്ധം വായിച്ചുനോക്കേണ്ടതാണ്. രാഷ്ട്രതന്ത്രത്തിൽ ഗവേഷണം നടത്തുന്നതിനു ഫോർഡ്ഫൌണ്ടേഷന്റെ ഫെല്ലോഷിപ്പ് ലഭിച്ച പോൾ ആർ. ബ്രാസ്സ് പലസ്ഥിതി വിവരക്കണക്കുകളും ശേഖരിച്ചു് ശാസ്ത്രീയമായി എത്തിച്ചേർന്ന നിഗമനങ്ങളും പഠന റിപ്പോർട്ടും ഇക്കണോമിക്ക് ആൻറ് പൊളിററിക്കൽ വീക്കിലിയുടെ 1970 ലെ വാർഷികപ്പതിപ്പിൽ 167-ാം പേജിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വിഭജനത്തിനു മുമ്പു മുസ്ളീംമുകൾക്കു ഭൂരിപക്ഷമുണ്ടായിരുന്ന സംസ്ഥാനങ്ങളിലല്ലാ, മുസ്ളീമുകൾ ന്യൂനപക്ഷമായിരുന്ന ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലാണ് വിഭാഗീയ പ്രവണതയും വിഭജനവാദവും ഉടലെടുത്തത് എന്നു പ്രത്യേകം ഓർത്തിരിക്കണം.

1859 മുതൽ 1931 വരെയുള്ള കാലഘട്ടത്തിൽ ഉത്തർപ്രദേശിൽ ഔദ്യോഗികരംഗത്തും വിദ്യാഭ്യാസരംഗത്തും സാമൂഹ്യപദവികളിലും സാക്ഷരത്വത്തിലും ഹിന്ദുക്കൾക്കും മുസ്ളീമുകൾക്കുമുണ്ടായിരുന്ന നിലയെക്കുറിച്ചു സ്ഥിതിവിവരങ്ങളെല്ലാം ശേഖരിച്ചു് പഠിച്ചശേഷം പോൾ ആർ. ബ്രാസ്സ് എത്തിച്ചേരുന്ന നിഗമനം ഇതാണ്, "രണ്ടു സമുദായങ്ങളുടെയും വികസനത്തോത് തമ്മിൽ അന്തരമുണ്ടായിരുന്നു. പക്ഷെ, ഉത്തർപ്രദേശിലെങ്കിലും മുസ്ളീമുകൾ കൂടുതൽ പുരോഗതി പ്രാപിച്ചവരും ഹിന്ദുക്കൾ അത്രക്കു പുരോഗതി പ്രാപിക്കാത്തവരുമായിരുന്നു".

ഹിന്ദു-മുസ്ലീം ബന്ധങ്ങളിൽ പരസ്പര വിദ്വേഷത്തിനു കാരണം ഉയർന്നുവരുന്ന ഹിന്ദുഭൂരിപക്ഷം തങ്ങളെ സ്ഥാനത്ത് നിന്നു നീക്കുമോ എന്നു മുസ്ലീമുകൾക്കുണ്ടായ ഭീതിയും മുസ്ലീമുകളിലെ ഉന്നതന്മാർ ഹിന്ദുതാല്പര്യങ്ങൾക്കെതിരായി തങ്ങളുടെ പ്രത്യേകാവകാശങ്ങൾ സംരക്ഷിക്കാൻ മുസ്ലീം ഉന്നതന്മാർ ഔദ്ധത്യത്തോടെ സമരം ചെയ്തതിൽ ഹിന്ദുക്കൾക്കുണ്ടായ അമർഷവുമാണ്"-വസ്തുനിഷ്ഠമായി നടത്തിയ ശാസ്ത്രീയ പഠനത്തിൽ നിന്നുള്ള നിഗമനമാണിത്. ഇതൊന്നും കണക്കാക്കാതെ ലെനിൻ എവിടെയോ പറഞ്ഞ വരികൾ ഉദ്ധരിച്ചുകൊണ്ട്, സ്വന്തം രാജ്യത്തിന്റെ ചരിത്രം പഠിക്കാതെ പുരോഗമനമാണെന്ന ഭാവത്തിൽ വിഡ്ഢിത്തങ്ങൾ എഴുന്നള്ളിക്കുന്ന കമ്യൂണിസ്റ്റുകാരെയും സോഷ്യലിസ്റ്റ്കാരേയും ആണ് കൂടുതൽ അധിക്ഷേപിക്കേണ്ടത്.

ഇനി ഉറുദുവിനെ അവഗണിക്കുന്നുവെന്നമുഹമ്മദ് ഇസ്മെയിലിന്റെ പരാതിയെപ്പററിയും ചരിത്രപരമായി പരിശോധിക്കുന്നത് നന്നു. പോൾബ്രാസ്സിന്റെ പഠനത്തിൽ തന്നെ ഇതിനെപ്പററി പറയുന്നുണ്ട്. "പത്തൊമ്പതാം നൂററാണ്ടിന്റെ മദ്ധ്യഘട്ടത്തിലും അവസാനഘട്ടത്തിലും സ്കൂളുകളിൽ ഹിന്ദിയെ മാററി തൽസ്ഥാനത്തു കൂടുതൽ കൂടുതൽ ഉറുദു കൊണ്ടുവരുന്നതിനായിരുന്നു പ്രവണത. 1860-61 കാലത്ത് വടക്കുപടിഞ്ഞാറെ പ്രവിശ്യയി

**മുസ്‌ലീം ലീഗ് സമ്മേളനം (തുടർച്ച)**

ൽ പ്രൈമറിസ്കൂളിൽ ഉറുദുവോ പേർഷ്യൻ ഭാഷയോ പഠിക്കുന്നവരായി 11,490 കുട്ടികളുണ്ടായിരുന്നു. ഹിന്ദിപഠിക്കുന്നവർ 69,134 പേരും. 1873-74 ആയപ്പോഴേക്കും ഉറുദു, പേർഷ്യൻ ഭാഷകൾ പഠിക്കുന്നവരുടെ എണ്ണം നാലിരട്ടിയായി വർദ്ധിച്ച്'' 48,229 ആയി. അതേസമയം ഹിന്ദി പഠിക്കുന്നവരുടെ എണ്ണം എതാണ്ട് മൂന്നുമടങ്ങ് വർദ്ധിച്ച് 85,820 മാത്രമേ ആയുള്ളൂ''.

ഹിന്ദുക്കളെക്കാൾ മുസ്ലീമുകളാണ് പുരോഗതി പ്രാപിച്ചിരുന്നതെന്നു സ്ഥിതിവിവരക്കണക്കുകൾകൊണ്ട് വ്യക്തമാക്കിയ ശേഷം പോൾ ബ്രാസ്സ് എത്തിച്ചേരുന്ന മറ്റൊരു നിഗമനം ഇതാണ് ''ഉത്തരപ്രദേശിലെ ഹിന്ദുക്കളും മുസ്ലീമുകളും തമ്മിലുള്ള രാഷ്ട്രീയ തർക്കങ്ങളുടെ ഉൽഭവം 19-ാം നൂററാണ്ടിന്റെ അവസാന കാലത്തെ ഹിന്ദി—ഉറുദു തർക്കത്തിൽ നിന്നാണ്. ഈ തർക്കത്തിനിടയിലാണ പ്രവിശ്യകളിലെ ഔദ്യോഗിക ഭാഷയായി പേർഷ്യൻ ലിപിയിലുള്ള ഉറുദുവിനുതുല്യമായ സ്ഥാനം ദേവനാഗരിലിപിയിലുള്ള ഹിന്ദിക്കു നൽകാനുള്ള ശ്രമത്തെപ്പോലും തങ്ങൾ എതിർക്കുമെന്നു വ്യക്തമാക്കിയത്. പത്തൊമ്പതാം നൂററാണ്ടിന്റെ അവസാന കാലം മുതൽ പ്രത്യേകാവകാശങ്ങൾക്കുവേണ്ടി ആവശ്യപ്പെടുക, ന്യൂനപക്ഷമെന്നനിലയിൽ രാഷ്ട്രീയ സ്വാധീനശക്തി വർദ്ധിപ്പിക്കുകയും ഹിന്ദുഭൂരിപക്ഷത്തിന്റെ സ്വാധീനം കുറയ്ക്കുകയും ചെയ്യുന്ന അവകാശവാദങ്ങൾ ഉന്നയിക്കുക, എന്നിങ്ങനെയുള്ള രാഷ്ട്രീയതന്ത്രം മുസ്ലീം ഉന്നതന്മാർ നിരന്തരം നടപ്പാക്കിക്കൊണ്ടിരുന്നു. 1936 വരെ ഈ തന്ത്രം നല്ല വിജയമായിരുന്നു. പക്ഷെ അത് ഹിന്ദുക്കളും മുസ്ലീമുകളും തമ്മിൽ വിദ്വേഷമുളവാക്കി. ആ വിദ്വേഷം ഇന്നും തുടരുന്നു.

## രാഷ്ട്രീയകക്ഷികൾക്കു ധൈര്യം വേണം

ഇങ്ങനെ പ്രത്യേകാവകാശങ്ങളനുഭവിച്ചിരുന്ന ഒരു കൂട്ടർ പ്രത്യേകാവകാശങ്ങൾക്കുവേണ്ടി വാദിക്കുന്നതാണ് മുസ്ലീം മതന്യൂനപക്ഷങ്ങളുടെ അവശതയെന്നു പറയപ്പെടുന്നത് ഇതാണ് ചരിത്രയാഥാർത്ഥ്യം. അതുകൊണ്ട് മതന്യൂനപക്ഷമെന്ന നിലയിൽ വിഭാഗീയ പ്രവണതയും അവശതാബോധവും ഇന്ത്യയിലെ മുസ്ലീമുകളിൽ വളർത്താൻ മുസ്ലീംലീഗ് നടത്തുന്ന ശ്രമം അടിസ്ഥാനരഹിതമാണ്. അപകടകരമാണ്.

വിഭജനത്തിനു മുമ്പുള്ള മുസ്ലീംലീഗിന്റെ തുടർച്ച തന്നെയാണ് ഇപ്പോഴത്തെ മുസ്ലീംലീഗെന്നു വ്യക്തമാക്കുന്ന പ്രസ്താവനകൾ ലീഗ് നേതാക്കൾ ചെയ്തിട്ടുണ്ട്. ''വിഷമങ്ങളും പ്രയാസങ്ങളുമുള്ള കാലഘട്ടത്തിലൂടെയാണ് വിഭക്തഭാരത മുസ്ലീംലീഗിനു പ്രവർത്തിക്കേണ്ടിവന്നതെന്നു സമ്മേളനം ഉൽഘാടനം ചെയ്ത മുഹമ്മദ് ഇസ്മയിൽ പറഞ്ഞിരിക്കുന്നു. അദ്ദേഹം പഴയ മുസ്ലീംലീഗിൽപ്പെട്ടയാളാണ്. അവിഭക്ത ഭാരതത്തിലെ മുസ്ലീം ലീഗിന്റെ തുടർച്ചയാണ്. ഇപ്പോഴത്തെ മുസ്ലീംലീഗെന്നു അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നു വ്യക്തമാകുന്നുണ്ടല്ലോ. അവിഭക്ത ഭാരതത്തിലെ മുസ്ലീംലീഗാകട്ടെ മതത്തിന്റെയടിസ്ഥാനത്തിൽ ഭാരതം വിഭജിക്കണമെന്നു വാദിച്ച് പാക്കിസ്ഥാൻ സൃഷ്ടിച്ചവരുമാണ്. എന്നിട്ടും ബാഫക്കി പറയുന്നത് മുസ്ലീംലീഗിനു ഭാരതത്തിനു പുറത്തുള്ളവരുമായി രാഷ്ട്രീയ ബന്ധമില്ലെന്നാണ് ശരിയായിരിക്കണം. പാക്കിസ്ഥാൻ വികസിപ്പിച്ച് ഭാരതമൊട്ടാകെ പാക്കിസ്ഥാനാക്കണമെന്നാണല്ലോ ലീഗ് നേതാക്കളുടെ വിചാരം. ''ഇന്നുള്ള അനുകൂലസാഹചര്യങ്ങളെ ഉപയോഗപ്പെടുത്തി ഇന്ത്യയിലുടനീളം മുസ്ലീംലീഗ് കെട്ടിപ്പടുക്കാനുള്ള ശ്രമത്തിനു'' മുസ്ലീംലീഗ് സമ്മേളനം പിന്തുണ പ്രഖ്യാപിച്ചിട്ടുമുണ്ട്. തീർച്ചയായും മുസ്ലീംലീഗിനു ഇന്നു അനുകൂലസാഹചര്യമാണുള്ളതു്. ന്യൂനപക്ഷ വർഗ്ഗീയത പുരോഗമനമായിക്കാണുന്ന രാഷ്ട്രീയ കക്ഷിക്കാരാണല്ലോ ഇവിടെയുള്ളത്. മുസ്ലീംലീഗിന്റെ തികച്ചും അപകടകരമായ വിഭാഗീയ പ്രവണതക്കെതിരെ ഒരക്ഷരം മിണ്ടാതിരിക്കുന്ന രാഷ്ട്രീയകക്ഷികൾ ഈ രാജ്യത്തോട് കടുത്ത ദ്രോഹമാണ് ചെയ്യുന്നതു്.

ഹിന്ദുപുനരുദ്ധാരണവാദികളായ ജനസംഘത്തെപ്പോലുള്ളവർക്കു ശക്തി വർദ്ധിക്കാൻ മാത്രമേ ഈ നിലപ്പാട് സഹായകരമാവു. ചെങ്കോട്ടയിൽ പച്ചക്കൊടി നാട്ടാമെന്ന ധാരണയിൽ വർഗ്ഗീയത വളർത്താൻ ശ്രമിച്ചാൽ അതിന്റെ തിരിച്ചടിയായി പച്ചിലകൾ പോലും ചുവപ്പാക്കി മാറുന്ന വിധം ഭാരതം രക്തപ്പുഴയിൽ മുങ്ങുകയായിരിക്കും ഫലം. ഭാരതത്തെ മുഴുവൻ പിന്നോട്ടടിപ്പിക്കുന്ന പിന്തിരിപ്പത്തെ ചെറുക്കുന്നതിന്റെ പേരിലും വർഗ്ഗീയക്കുരുതികൾ അവസാനിപ്പിക്കുന്നതിന്റെ പേരിലും സർവ്വോപരി രാജ്യപുരോഗതിയുടെ പേരിലും ഈ ലേഖകനു ഒന്നേ പറയാനുള്ളു- ന്യൂനപക്ഷത്തിന്റേതായാലും ഭൂരിപക്ഷത്തിന്റേതായാലും വർഗ്ഗീയതയെ വിട്ടുവീഴ്ചയില്ലാതെ എതിർക്കുക–മനുഷ്യനെ നശിപ്പിക്കുന്ന മതത്തെ നശിപ്പിക്കുക. രാഷ്ട്രീയകക്ഷികൾക്കു അതിനുള്ള ധൈര്യമുണ്ടാകുമോ എന്നാണറിയേണ്ടതു്.

---

**കാഴ്ചപ്പാടുകൾ (4-ാം പേജ് തുടർച്ച)**

യും മുതലാളിത്തചേരിയും ഇല്ലാതായിരിക്കുന്നുവെന്നാണ് അനിഷേധ്യ വസ്തുത സോഷ്യലിസ്റ്റ് ചേരിയിൽപ്പെട്ടവരെന്നു പറയപ്പെടുന്ന റഷ്യയും ചൈനയും തന്നെ അതിർത്തികളുടെ പേരിൽ തുറന്ന യുദ്ധത്തിനു തയാറായിട്ടുണ്ട്. മാത്രമല്ലാ, ലാവോസ്, കമ്പോഡിയ എന്നിവിടങ്ങളിൽ അമേരിക്ക നടത്തുന്ന നഗ്നമായ ഇടപെടലുകളെ ചെറുക്കുന്നതിനു പുറമെയുള്ള ശക്തികളെ കൊണ്ടാവുന്നുമില്ല. അതാത് രാജ്യങ്ങളിലെ ജനങ്ങൾ തന്നെ സാമ്രാജ്യത്വത്തെ എതിർക്കാതെ പററില്ലെന്ന സ്ഥിതിയാണുള്ളതു്. ഈ സാഹചര്യത്തിൽ ഇന്ത്യയിലെ കമ്യൂണിസ്റ്റുകാർ, പ്രത്യേകിച്ച് മാർക്സിസ്റ്റ് കമ്യൂണിസ്റ്റ്കാർ ഇന്ത്യയുടെ ഭരണാധികാരി വർഗ്ഗത്തിന്റെ രാഷ്ട്രീയ സ്വഭാവം നോക്കാതെ തന്നെ പ്രതിരോധ സംരംഭങ്ങൾക്കു പിന്തുണ നൽകേണ്ടതാണ്. സർവ്വദേശീയ ബുദ്ധി പ്രക്ഷാളനത്തിൽ നിന്നു വിമുക്തമാകുമ്പോൾ അവരും പ്രതിരോധ ശക്തിയുടെ പ്രാധാന്യം മനസ്സിലാക്കാതിരിക്കുകയില്ല. പാക്കിസ്ഥാനിലെപ്പോലുള്ള അറുപ്പിന്തിരിപ്പൻ സൈനിക ഭരണത്തിനു ആയുധം നൽകി സഹായിക്കുന്ന ചൈനയുടെ സൈനികശേഷി വർദ്ധിപ്പിക്കുന്നതു് ന്യായീകരിക്കുന്ന ഒരാൾക്കും ഇന്ത്യയുടെ പ്രതിരോധശക്തി വർദ്ധിപ്പിക്കുന്നതിനെ എതിർക്കാൻ അവകാശമില്ല.

ഇനി കേവലം അന്തസ്സിന്റെ പ്രശ്നമാണെങ്കിൽ പോലും ഇന്ത്യക്കു അണുബോംബുണ്ടെന്ന അന്തസ്സ് ഉണ്ടായിരിക്കേണ്ടതാണ്. റഷ്യക്കും അമേരിക്കക്കും ഇംഗ്ലണ്ടിനും ഫ്രാൻസിനും ചൈനക്കും അണുബോമ്പു ആവശ്യമാണെങ്കിൽ ഇന്ത്യക്കും അതാവശ്യം തന്നെയാണ്. ഇന്നു വൻകിട ശക്തികളെന്ന നിലയിൽ അണുവായുധ ക്ലബ്ബിന്റെ അംഗങ്ങളായി രക്ഷാസമിതിയിൽ വീറേറാ അധികാരവും പ്രയോഗിച്ചുകൊണ്ട് ഈ രാജ്യങ്ങൾ ലോകത്തെ

Vol. 1

# NIRNAYAM

No. 14 (ERNAKULAM 3RD MAY 1970) Price 35 Ps.

(കാഴ്ചപ്പാടുകൾ തുടർച്ച)

അടക്കിഭരിക്കുകയാണ്. ലോകജനതയുടെ തുച്ഛമായ ഒരു വിഭാഗം ആളുകൾ മാത്രം അധിവസിക്കുന്ന യൂറോപ്പിലേയും അമേരിക്കയിലേയും ഗവർമ്മെണ്ടുകൾ എന്നും ഏഷ്യയുടേയും ആഫ്രിക്കയുടേയും ഭാഗധേയം നിർണ്ണയിച്ചു കൊണ്ടിരിക്കാൻ അനുവദിക്കണമോ എന്നു ആലോചിച്ചേ മതിയാവൂ. രക്ഷാസമിതിയിലെ വീറ്റോ അവകാശവും മററും ഈ രാജ്യങ്ങൾ എങ്ങിനെ വിനിയോഗിക്കുമെന്നു കണ്ടുകഴിഞ്ഞതാണ്. റൊഡേഷ്യൻ പ്രശ്നത്തിൽ അമേരിക്ക പ്രയോഗിച്ച വീറ്റോ അധികാരം സാമ്രാജ്യത്വ ശക്തികളുടെ മനസ്സ് പ്രവർത്തിക്കുന്നതിൻെറ ഏററവും നല്ല ഉദാഹരണവുമാണ്. ആ നിലയിൽ കമ്യൂണിസ്റ്റ് ചൈനയുടെ അണുബോംബ് നിർമ്മാണത്തെ അനുമോദിക്കുന്നതോടൊപ്പം സ്വയം അണുബോംബ് നിർമ്മിച്ച് ശക്തി പ്രാപിക്കാൻ ഇന്ത്യയും സന്നദ്ധമാവേണ്ടതാണെന്നു ഒന്നുകൂടി തെളിയുകയാണ്.

മാത്രമല്ല, ഒത്തുതീർപ്പുകളിലൂടെ പ്രശ്നം പരിഹരിക്കുന്നതിനും ശക്തി ആവശ്യമാണ്. ശക്തി കൂടിയവനും ശക്തി കുറഞ്ഞവനും തമ്മിൽ കൂടിയാലോചിച്ചു ഒത്തുതീർപ്പുകൾ ഉണ്ടാക്കുന്നത് എപ്പോഴും ഏകപക്ഷീയമായ ഒത്തുതീർപ്പുകളായിരിക്കും. അതുകൊണ്ട് കൂടിയാലോചനകളിലൂടെ പ്രശ്നം തീർക്കേണ്ടതാണെങ്കിൽ പോലും ശക്തിസംഭരിക്കാതെ നിർവ്വാഹമില്ലെന്നതാണ് യാഥാർത്ഥ്യം. സാമ്രാജ്യത്വ ശക്തികളെ നിലക്കുനിറുത്താൻ സുശക്തമായ ചൈനയും സുശക്തമായ ഇന്ത്യയും ആവശ്യമായിവരുന്ന കാലം വിദൂരമല്ല.

ഇന്നുതന്നെ ഇന്ത്യയുടെ അണുബോംബു നിർമ്മാണ സംരംഭങ്ങൾക്കെതിരെ എപ്പോഴും ചാടിപ്പുറപ്പെടുന്ന വൻകിട ശക്തികൾ മററു ചില രാജ്യങ്ങളിൽ നടക്കുന്ന അണുവായുധ നിർമ്മാണ സംരംഭങ്ങൾക്കു നേരെ കണ്ണടക്കുന്നുണ്ട്. ഇസ്രായേലും ദക്ഷിണാഫ്രിക്കയും അടുത്ത ഭാവിയിൽ തന്നെ അണുബോംബ് പരീക്ഷണം നടത്തുമെന്നു തീർച്ച. ഇവയൊന്നും ബാധകമല്ലാത്ത അണുബോംബ് നിരോധനം ഇന്ത്യക്കു മാത്രം എന്തിനു ബാധകമാകുന്നു?

## വിദേശസമ്മർദ്ദം

അതിൻെറ കാരണം അന്വേഷിച്ചു എങ്ങും പോകേണ്ടതില്ല. വിദേശശക്തികളുടെ സ്വാധീനത്തിനു അമർന്നു കിടക്കുന്ന ഇന്ത്യയെ അണുബോംബു നിർമ്മാണത്തിൽനിന്നു തടഞ്ഞു നിർത്തുന്നത് വിദേശ ശക്തികൾ തന്നെയാണ്. വിദേശ ശക്തികളുടെ ഭീഷണിക്കു നമ്മുടെ ഭരണാധികാരികൾ വഴങ്ങുന്നുവെന്നതാണ് സത്യം. റഷ്യയും അമേരിക്കയും ഇക്കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്. ഇന്ത്യയെ അണുബോംബു നിർമ്മാണത്തിൽനിന്ന തടഞ്ഞുനിർത്തുന്നതിൽ ഈ രണ്ടു് രാജ്യങ്ങളും യോജിക്കുന്നുവെന്നതു തന്നെ വാസ്തവത്തിൽ അണുബോംബു നിർമ്മാണത്തിന്റെ ആവശ്യത്തെയാണ് സൂചിപ്പിക്കുന്നതു്. ധൈര്യത്തോടുകൂടി സ്വന്തം കാര്യം തീരുമാനിക്കാൻ സ്വയമവകാശമുണ്ടെന്നു പ്രഖ്യാപിക്കുകയും അതിൻെറ പേരിൽ എന്തു ബുദ്ധിമുട്ടും സഹിക്കാൻ തയാറാണെന്നു തീരുമാനിക്കുകയും ചെയ്താൽ ഇന്ത്യയെ അണുബോംബ് നിർമ്മാണത്തിൽനിന്നു തടയാൻ ഒരു ശക്തിക്കും കഴിയുകയില്ല.

പക്ഷെ അതിനു പ്രധാന മന്ത്രിപദത്തേയും മന്ത്രിപദത്തേയുംകാൾ വലുത് രാജ്യവും ജനങ്ങളുമാണെന്നു കരുതുന്ന നേതൃത്വം ഉണ്ടാകണം. ഇന്നു അങ്ങിനെയുള്ള നേതൃത്വമല്ല ഇന്ത്യഭരിക്കുന്നത്. എന്നുവെച്ചു നമുക്കൊട്ടും സമയം കളയാനുമില്ല. അതുകൊണ്ട് സ്വന്തം പ്രതിരോധന ശക്തിയെക്കരുതി ഉടനടി ഇന്ത്യ അണുബോംബു നിർമ്മാണത്തിനും അതു പ്രയോഗിക്കാൻ തക്കവണ്ണമുള്ള മിസൈലുകളുടെ നിർമ്മാണത്തിനുമുള്ള സംരംഭങ്ങളിൽ ഏർപ്പെടുന്നതിനു ഗവർമ്മെണ്ടിനെ നിർബ്ബന്ധിക്കേണ്ട ചുമതല ജനങ്ങൾക്കുണ്ട്. ഇക്കാര്യത്തിൽ ഇന്ത്യയിലെ ജനങ്ങളും രാഷ്ട്രീയ കക്ഷികളും യോജിച്ചു ശബ്ദമുയർത്തണം. ജനങ്ങൾക്കിടയിലെ വൈരുദ്ധ്യങ്ങൾ മാററിവെച്ച്, രാഷ്ട്രങ്ങൾക്കിടയിലെ വൈരുദ്ധ്യങ്ങളെ പരിഗണിച്ച് ഇന്ത്യക്കു അണുബോംബു വേണമെന്നു എല്ലാ രാജ്യസ്നേഹികളും ഒന്നിച്ചാവശ്യപ്പെടേണ്ടുന്ന സന്ദർഭമാണിത്.

അണുബോംബ് നിർമ്മാണം പ്രതിരോധത്തിനു മാത്രമല്ലാ ഈ രാജ്യത്തിലെ ജനങ്ങളുടെ ആത്മവിശ്വാസത്തിനും സാങ്കേതിക പുരോഗതിക്കും വലിയ മുന്നേററമുണ്ടാക്കാനും ഉപകരിക്കുന്നതായിരിക്കും. അണുശക്തിയിലെ ഗവേഷണം മറെറല്ലാ രംഗത്തും സാങ്കേതിക പുരോഗതിക്കു സഹായകരമായിരിക്കുമെന്നാണ് അന്യരാജ്യങ്ങളുടെ ചരിത്രം കാണിക്കുന്നതു്. ഇന്ത്യക്കു ഇന്നു് അണുബോംബ് നിർമ്മാണത്തിനു വേണ്ട സാങ്കേതിക കഴിവുണ്ടെന്നു അധികാരികൾ പറയുന്നുണ്ടു്. പക്ഷെ ജനങ്ങൾക്കു ആ വിശ്വാസം ഉണ്ടായിട്ടില്ല. പക്ഷെ അണുബോംബ് നിർമ്മാണത്തിനു വേണ്ട സാങ്കേതിക ജ്ഞാനം ഇന്ത്യ ആർജ്ജിച്ചിട്ടുണ്ടെന്നു തന്നെ കരുതാം. ഇന്ത്യാ ഗവർമ്മെണ്ടിൻെറ അണുശക്തി വിഭാഗത്തിൻെറ കഴിഞ്ഞ വാർഷിക റിപ്പോർട്ട് ചില സാങ്കേതിക നേട്ടങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ട്രോംബെയിൽ നിർമ്മിച്ച ഐസോട്ടോപ്പ് ഉൽപ്പന്നങ്ങൾ വികസിത രാജ്യങ്ങളായ ഫ്രാൻസ്, സ്വീഡൻ, ഹങ്കറി, ഡെൻമാർക്കു് എന്നിവ വാങ്ങിച്ചതായി ഈ റിപ്പോർട്ടിൽ പറയുന്നു. ഇത് അണുശാസ്ത്ര ഗവേഷണത്തിലെ പുരോഗതിയുടെ ലക്ഷണമായിക്കരുതാമെന്നാണ് വിദഗ്ദ്ധാഭിപ്രായം. അണുബോംബ് നിർമ്മാണത്തിനുള്ള കഴിവ് ഇന്ത്യക്കുണ്ടെന്നു വിദേശരാജ്യങ്ങളും സമ്മതിക്കുന്നുണ്ടു്. ആ കഴിവ് പ്രയോഗിക്കണമോ എന്നു തീരുമാനിക്കാൻ ഒട്ടും വൈകിക്കരുതു്.

ഒരൊററ ചോദ്യത്തിനു മാത്രമേ ഉത്തരം പറയേണ്ടതുള്ളൂ. ഇന്ത്യക്കു രാജ്യരക്ഷ ആവശ്യമാണോ എന്നതാണ് ആ ചോദ്യം. ആവശ്യമാണ് എന്നാണു ഉത്തരമെങ്കിൽ അണുബോംബും ആവശ്യമാണെന്നു തീർച്ച.

---

കുറിപ്പുകൾ (2-ാംപേജ് തുടർച്ച)

രവതരമായ ഇക്കാര്യത്തിൽ തികഞ്ഞ അനാസ്ഥ കാണിച്ചു. ലോകസഭാംഗങ്ങളുടെ പെരുമാററത്തിൽ നിന്നു മനസ്സിലാക്കേണ്ടതു് കക്ഷിഭേദമന്യേ സ്ഥാപിതതാൽപ്പര്യക്കാരുടെ സ്വാധീനം വർദ്ധിച്ചിരിക്കുന്നുവെന്നാണു്.

ഇന്നു നമ്മുടെ ഭരണാധികാരികളും ലോകസഭാംഗങ്ങളും യഥാസ്ഥിതികത്വത്തിൻെറ ഭാഗമായിരിക്കുന്നു. ജനാധിപത്യവ്യവസ്ഥ അവർക്കു നൽകുന്ന പ്രത്യേക പദവികളും ആനുകൂല്യങ്ങളും അവരെത്തന്നെ അടിമപ്പെടുത്തിയിരിക്കുന്നു. പരിവർത്തനത്തിനു വേണ്ടിയുള്ള തീവ്രമായ ദാഹവും വിട്ടുവീഴ്ചയില്ലാത്ത പ്രവർത്തനവും അധികാരസ്ഥാനത്തിരിക്കുന്ന ഇപ്പോഴത്തെ തലമുറയിൽ നിന്നു പ്രതീക്ഷിക്കേണ്ടതില്ലെന്നതിൻെറ സൂചനകൂടിയാണു് മധുലിമായേയുടെ ബില്ലിൻെറ പരാജയം. ഭരണ രീതി എന്തുതന്നെയായാലും ശരിക്കു ദർശപ്രേരിതമായ പുതിയ തലമുറ അധികാരസ്ഥാനങ്ങളിലെത്താൻ വൈകരുത്.

---

Edited printed and published by M. A. John Convent Road, Cochin -11

at Empees press, Gopalprabhu Road, Cochin-11